# മലങ്കരസഭാദീപം

A FORTNIGHTLY WITH ECUMENICAL VISION

വാല്യം 21 ലക്കം 13 പേജ് 6 2015 മെയ് 1



2 ധ്യാനപീഠം

3 ഇടവക വിഭജനം സംബന്ധിച്ച് തർക്കം നിലനിൽക്കുന്ന തുമ്പമൺ സെന്റ് മേരീസ് കത്തീഡ്രൽ ഇടവകാംഗത്തിന്റെ മൃതശരീരം പത്തനംതിട്ട ബേസിൽ ദയറാ സെമിത്തേരിയിൽ സംസ്ക്കരിച്ചു

4 വിശുദ്ധിയുടെ വിരിക്കൂട്ടം

5 വംശവിച്ഛേദനത്തിന്റെ നൂറാം വാർഷികം


## പ.പാത്രിയർക്കീസ് ബാവായും പ.കാതോലിക്കാ ബാവായും കൂടിക്കാഴ്ച നടത്തി



അർമ്മീനിയ : അർമ്മീനിയായിൽ നടന്ന മനുഷ്യക്കുരുതിയുടെ ശതാബ്ദി അനുസ്മരണ വേളയിൽ പ.അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവാ അപ്രേം രണ്ടാമനും പ.പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായും തമ്മിൽ കൂടിക്കാഴ്ച നടത്തി. അനുസ്മരണ ശുശ്രൂഷയോട് അനുബന്ധിച്ച് നടന്ന വിരുന്നു സൽക്കാരങ്ങളിലും ശുശ്രൂഷാ വേളകളിലും പ.കാതോലിക്കാ ബാവായും പ.പാത്രിയർക്കീസ് ബാവായും മറ്റ് ഓറിയന്റൽ ഓർത്ത

(ശേഷം പേജ് 2-ൽ)

## പുതുപ്പള്ളി, ചന്ദനപ്പള്ളി, മൈലപ്ര പള്ളികളിൽ വി.ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ



കോട്ടയം : ആഗോള തീർത്ഥാടന കേന്ദ്രങ്ങളായ പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിലും ചന്ദനപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിലും വിവിധ പരിപാടികളോടുകൂടി വി.ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ ആഘോഷിക്കുന്നു.

പുതുപ്പള്ളി പള്ളിപെരുന്നാളിന് ഏപ്രിൽ 28 കൊടിയേറി. മെയ് 5,6,7 തീയതികളിലാണ് പ്രധാന പെരുന്നാൾ. ഇത്തവണ മെയ് 3ന് നടക്കുന്ന പൊതുസമ്മേളനത്തിൽ ചലചിത്രതാരം മോഹൻലാൽ ആയിരിക്കും മുഖ്യ അതിഥി. കൺവൻഷൻ, പൊതുസമ്മേളനം, ബാലസമാജം ക്യാമ്പ്, തീർത്ഥാടകസംഗമം, ചിത്രരചനാ മത്സരം, ഇടവകദിനാചരണം, സാംസ്ക്കാരിക സമ്മേളനം, മദ്ബഹായിൽ പൊന്നിൻകുരിശ് സ്ഥാപിക്കൽ, വെച്ചൂട്ട് പ്രദക്ഷിണം, നേർച്ച വിളമ്പ് തുടങ്ങിയവ ഉണ്ടായിരിക്കും.

മൈലപ്ര സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയുടെ പെരുന്നാൾ ഏപ്രിൽ 26 മുതൽ മെയ് 7 വരെ വിപുലമായ പരിപാടികളോടുകൂടി നടക്കും. സന്ധ്യാപ്രാർത്ഥന, വിവിധ കുരിശടികളിൽ ധൂപപ്രാർത്ഥന, പ്രസംഗം, പ്രദക്ഷിണം, വനിതാസംഗമം, ചെമ്പിൽ അരിയിടീൽ കർമ്മം, വെച്ചൂട്ട്, സെമിത്തേരിയിൽ അനുസ്മരണ പ്രാർത്ഥന, ഭക്തിനിർഭരമായ റാസ, പൊതുസമ്മേളനം തുടങ്ങിയവ പ്രധാന പരിപാടികളാണ്.

## അർമ്മീനിയയിൽ നടന്ന മനുഷ്യക്കുരിതി അഥവാ വംശവിച്ഛേദനത്തിന്റെ നൂറാം വാർഷികം

ഫാ.ഡോ.എം.ഒ.ജോൺ

അർമ്മീനിയ - ലോകത്തിലെ ആദ്യ ക്രൈസ്തവ രാജ്യം.

അർമ്മീനിയയിൽ ഉണ്ടായിരുന്നത് ക്രിസ്ത്യാനികൾ മാത്രം.

1915 മുതൽ 1920 വരെ തുർക്കികൾ നടത്തിയ വംശവിച്ഛേദന കൂട്ടക്കൊലയിൽ കൊല്ലപ്പെട്ടത് പതിനഞ്ചുലക്ഷത്തിലധികം ക്രിസ്ത്യാനികൾ.

### അർമ്മീനിയ

അർമ്മീനിയൻ റിപ്പബ്ലിക്ക് എന്നറിയപ്പെടുന്ന അർമ്മീനിയ ക്രിസ്തുവിന് മുമ്പ് ആറാം നൂറ്റാണ്ട് മുതൽ നിലവിലുള്ള ഒരു രാജ്യമാണ്. വിവിധ വംശജരായ രാജാക്കന്മാരുടെ ഭരണത്തിൻകീഴിലായിരുന്ന ആ രാജ്യം സമ്പൽ സമൃദ്ധവും ഫലഭൂയിഷ്ടവും വിഭവസമൃദ്ധവും ആയിരുന്നു. ക്രിസ്തുവർഷം 301-ൽ അർമ്മീനിയയിലെ രാജാവും ജനങ്ങളും ക്രിസ്തുമതം സ്വീകരിച്ചു. മുഴുവൻ ജനങ്ങളും ക്രിസ്തുമതം സ്വീകരിച്ച ലോകത്തിലെ ആദ്യ രാജ്യമാണ് അർമ്മീനിയ. പടിഞ്ഞാറു തുർക്കിയും, അസർബൈജാൻ, റഷ്യ എന്നിവ കിഴക്കും ജോർജിയാ വടക്കും തെക്ക് ഇറാനും ആണ് ഇപ്പോഴത്തെ അർമ്മീനിയായുടെ അതിർത്തികൾ. പുരാതന കാലം മുതൽ നിലവിലുള്ള രാജ്യമാണെങ്കിലും പതിനാറാം നൂറ്റാണ്ടു മുതൽ പേർഷ്യൻ ഓട്ടോമാൻ (തുർക്കി) തുടങ്ങിയ സാമ്രാജ്യങ്ങളുടെ അധീശത്വത്തിൽ അർമ്മീനിയ വന്നു ചേർന്നു. പത്തൊൻപതാം നൂറ്റാണ്ടിൽ അർമ്മീനിയയുടെ ഒരു ഭാഗം റഷ്യ കീഴടക്കി. ഒന്നാം ലോകമഹായുദ്ധത്തിനു ശേഷം അർമ്മീനിയ റഷ്യയുടെ ഭാഗമായി. 1922 മുതൽ 1991 വരെ സോവ്യറ്റ് യൂണിയന്റെ ഭാഗമായിരുന്നു അർമ്മീനിയ. 1991-ൽ സ്വതന്ത്ര റിപ്പബ്ലിക്കായി.

### അർമ്മീനിയൻ അപ്പോസ്തോലിക സഭ

പൊന്തോസ്, കപ്പദോക്കിയ തുടങ്ങിയ പുരാതന ക്രൈസ്തവ കേന്ദ്രങ്ങളോട് ചേർന്നുകിടക്കുന്ന അർമ്മീനിയയിലെ സഭ നിഖ്യാ, കുസ്തന്തീനോപോലീസ്, എഫേസൂസ് എന്നീ മൂന്നു പൊതു സുന്നഹദോസുകളിലെ സത്യവിശ്വാസത്തിൽ ഉറച്ചുനിന്നു. 451-ലെ കൽക്കദൂനാ സുന്നഹദോസിനെ നിരാകരിച്ച് അന്ത്യോഖ്യാ സിറിയാ പാലസ്തീൻ ഈജ്പ്റ്റ് (കോപ്റ്റിക്) തുടങ്ങിയ പ്രദേശങ്ങളിലെ സഭയോട് ചേർന്നുള്ള നിലപാട് സ്വീകരിച്ച് ഓറിയന്റൽ ഓർത്തഡോക്സ് സഭാപാരമ്പര്യത്തിലാണ് അഞ്ചാം നൂറ്റാണ്ടു മുതൽ അർമ്മീനിയൻ സഭ നിലകൊള്ളുന്നത്. ഭൂമിശാസ്ത്രപരമായി ഗ്രീക്ക് (ബൈസാന്റിയൻ ഓർത്തഡോക്സ്) സഭകളോട് അടുത്ത് സ്ഥിതിചെയ്യുന്നെങ്കിലും വിശ്വാസപരമായി കൽക്കദൂനാ സുന്നഹദോസിനെ നിരാകരിക്കുന്ന നിലപാട് ഈ സഭ സ്വീകരിച്ചത് പ്രധാനമായും വംശീയ കാരണങ്ങൾകൊണ്ടും ഗ്രീക്കുകാരോടുള്ള എതിർപ്പുകൊണ്ടുമാണ്. അതുകൊണ്ടുതന്നെ അർമ്മീനിയൻ സഭ ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ ഗണത്തിൽ പെടുന്നു. മലങ്കരസഭയുമായി അർമ്മീനിയൻ ഓർത്തഡോക്സ് സഭയ്ക്ക് കൂദാശാ സംസർഗ്ഗമുണ്ട്.

പതിനെട്ടാം നൂറ്റാണ്ടുമുതൽ അർമ്മീനിയായിൽ കത്തോലിക്കാ സഭയും പത്തൊൻപതാം നൂറ്റാണ്ടു മുതൽ പ്രൊട്ടസ്റ്റന്റ് സഭാവിഭാഗങ്ങളുമുണ്ട്. എങ്കിലും 93 ശതമാനത്തിലധികം അർമ്മീനിയാക്കാരും അർമ്മീനിയൻ അപ്പോസ്തോലിക് സഭ എന്നറിയപ്പെടുന്ന അർമ്മീനിയൻ ഓർത്തഡോക്സ് സഭാംഗങ്ങളാണ്.

### തുർക്കികളുടെ ആധിപത്യം

അതിശക്തമായ ഓട്ടോമാൻ (തുർക്കി) സാമ്രാജ്യം പതിനഞ്ചാം നൂറ്റാണ്ടിൽ അർമ്മീനിയ കീഴടക്കി. ഓട്ടോമാൻ ഭരണാധികാരികൾ (തുർക്കികൾ) മുസ്ലീങ്ങളായിരുന്നു. ഒന്നാം ലോകമഹായുദ്ധം വരെ ഓട്ടോമാൻ തുർക്കികളുടെ ശക്തി വളരെ ഉച്ചസ്ഥായിയിലായിരുന്നു. അതിനുശേഷം അവരുടെ ശക്തമായ ഭരണം തുർക്കി രാജ്യത്തായി ചുരുങ്ങി.

അർമ്മീനിയ, തുർക്കി (ഓട്ടോമാൻ) സാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന കാലത്ത് അവിടെ അനേകലക്ഷം ക്രിസ്ത്യാനികൾ കൊലചെയ്യപ്പെട്ടു. ഏറ്റവും രൂക്ഷവും ഭീക

(ശേഷം പേജ് 5-ൽ)

## അർമ്മീനിയായിൽ കൂട്ടക്കുരുതിക്ക് ഇരയായ പതിനഞ്ചുലക്ഷം പേരെ വിശുദ്ധരായി പ്രഖ്യാപിച്ചു

അർമ്മീനിയ : 1915-ൽ അർമ്മീനിയായിൽ കൂട്ടക്കുരുതിക്ക് ഇരയായ പതിനഞ്ചുലക്ഷം അർമ്മീനിയാക്കാരെ അർമ്മീനിയൻ ഓർത്തഡോക്സ് സഭ വിശുദ്ധരായി പ്രഖ്യാപിച്ചു.

കൂട്ടക്കുരുതിയുടെ നൂറാം വാർഷിക ചടങ്ങിനോടനുബന്ധിച്ച് അർമ്മീനിയൻ കാതോലിക്കായുടെ ആസ്ഥാന ദേവാലയമായ എഷ്മിയാഡ്സിൻ കത്തീഡ്രലിൽ പ. അർമ്മീനിയൻ കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിലും മറ്റ് ഓറിയന്റൽ ഓർത്തഡോക്സ് സഭാ തലവന്മാരുടെ സാന്നിധ്യത്തിലും നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽവെച്ചാണ് പതിനഞ്ചുലക്ഷം പേരെ വിശുദ്ധരായി പ്രഖ്യാപിച്ചത്. രണ്ടുമണിക്കൂർ നീണ്ടുനിന്ന ശുശ്രൂഷയുടെ സമാപനത്തിൽ കത്തീഡ്രൽ പള്ളിമണികൾ നൂറുവട്ടം മുഴങ്ങി. അതേസമയത്ത് അർമ്മീനിയൻ അപ്പോസ്തോലിക സഭയുടെ ലോകമെങ്ങുമുള്ള പള്ളികളിലും കൂട്ട മണിനാദം മുഴങ്ങി. രക്തസാക്ഷികളെ വിശുദ്ധരായി പ്രഖ്യാപിച്ചതോടെ അനുഗ്രഹത്തിന്റെയും കൃപയുടെയും പുതുജീവനാണ് സഭയ്ക്ക് ലഭ്യമായിരിക്കുന്നതെന്ന് അർമ്മീനിയൻ സഭയുടെ സുപ്രീം പാത്രിയർക്കീസ് കാതോലിക്കോസ് പ.കരേക്കിൻ രണ്ടാമൻ പറഞ്ഞു.

# പെന്തിക്കോസ്തി ഞായറാഴ്ച

## ധ്യാനപീഠം

ഫാ.സോളമൻ ഒ.ഐ.സി.
കുന്നംകുളം

**പെന്തിക്കോസ്തി ഞായറാഴ്ച**

**(യോഹ. 15:1–14, അപ്പൊ.പ്രവൃ. 2:1–13)**

പെന്തിക്കൊസ്ത് എന്ന ഗ്രീക്കുപദത്തിന് അൻപതാമത്തേത് എന്ന് അർത്ഥം. യഹൂദന്മാർക്ക് വാരാന്ത്യപ്പെരുന്നാൾ (ആഴ്ചവട്ടപ്പെരുന്നാൾ) ഉണ്ടായിരുന്നു. ഏഴ് ആഴ്ചകൾ കഴിഞ്ഞ് വരുന്ന ഒന്നാം ദിവസം (7 ႈ 7 + 1) 50–ാം ദിവസം ആയിരുന്നു. നീസാൻ മാസം 14,15 തീയ്യതികളിൽ പെസഹാ – പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ – കഴിഞ്ഞാൽ 50–ാം ദിവസം പെന്തിക്കോസ്തി പെരുന്നാളും ആഘോഷിച്ചിരുന്നു. കൊയ്ത്തുപെരുന്നാൾ, മോശക്ക് ന്യായപ്രമാണം ലഭിച്ചതിന്റെ സ്മരണയെ പുതുക്കുന്ന പെരുന്നാൾ എന്നീ നിലയിലും പെന്തിക്കോസ്തിക്ക് പ്രാധാന്യം കല്പിച്ചിരുന്നു. മിസ്രയീമിൽ നിന്നും മോശയുടെ നേതൃത്വത്തിൽ യാത്രതിരിച്ച് 50–ാം ദിവസമാണ് പത്ത് കല്പനകൾ ലഭിച്ചതെന്നും ചില സൂചനകൾ ഉണ്ട്.

ഉയിർപ്പ് കഴിഞ്ഞ് 50–ാം ദിവസം ശിഷ്യന്മാരുടെ മേൽ യേശുതമ്പുരാന്റെ വാഗ്ദത്തം അനുസരിച്ച് പരിശുദ്ധാത്മാവിന്റെ ആവാസം ഉണ്ടായപ്പോൾ ക്രിസ്തീയ സഭയിലും പെന്തിക്കോസ്ത് എന്ന വാക്ക് അർത്ഥവത്തായി.

എബ്രായ ഭാഷയിൽ റൂഹാ എന്നാൽ ദൈവത്തിന്റെ ജീവപ്രദമായ ശക്തിയാണ്. പാറക്കലീത്ത എന്നാൽ ഒരാളുടെ അടുക്കലേക്ക് സഹായത്തിനായി വിളിക്കപ്പെട്ടവൻ, മറ്റൊരു സഹായി, ആശ്വാസപ്രദൻ എന്നീ നിലയിലും മനസ്സിലാക്കാം.

**1. ഒന്നിപ്പിക്കുന്ന ഭാഷ**

ആശയവിനിമയത്തിന് ഭാഷ അത്യാവശ്യം. ഭാഷ തിരിച്ചറിയാതിരിക്കാൻ ഭാഷ കലക്കിയ സ്ഥലം ബാബേൽ എന്ന് അറിയപ്പെടുന്നു.( ഉൽപ. 11) അന്യോന്യം ഭാഷ മനസ്സിലാകാതെ കലഹിച്ചതിനാൽ ഗോപുരപണിയും മുടങ്ങി. ഭാഷ ഹൃദയസ്പർശിയാകണം, കലഹത്തിന് കാരണമാകരുത്. അത് ഒരുമിപ്പിനുള്ള ഉപാധിയാകണം. പെന്തിക്കോസ്തിപ്പെരുന്നാൾ ദിവസം ശിഷ്യന്മാരുടെ പ്രസംഗം കൂടിവന്ന എല്ലാ രാജ്യക്കാർക്കും അവരവരുടെ ഭാഷയിൽ മനസ്സിലായി. വിവിധ ജാതിക്കാരേയും രാജ്യക്കാരേയും ഒന്നിപ്പിക്കുന്ന ഭാഷ പരുശുദ്ധാത്മ നൽവരത്താൽ സംജാതമായി. കുടുംബങ്ങളിലും ഇടവകകളിലും അന്യോന്യം മനസ്സിലാകുന്ന ഭാഷ പരിശുദ്ധാത്മ നൽവരത്താൽ ലഭ്യമായാൽ കലഹങ്ങൾ ഒഴിഞ്ഞുപോകും. കലഹവും ഭിന്നതയും ഉള്ള സ്ഥലത്ത് ആരാണ് ഒന്നിച്ച് കൂടിയിരിക്കുക. ശിഷ്യന്മാർ ഒന്നിച്ച് കൂടിയിരുന്നപ്പോൾ പരിശുദ്ധാത്മാവ് ഇറങ്ങി .പ്രവ. 2:1) ഭിന്നതകൾ ഉള്ള ഇടങ്ങളിൽ പരിശുദ്ധാത്മ സാന്നിദ്ധ്യം കാണുകയില്ല. ഞാൻ നിങ്ങളെ സ്നേഹിച്ചിരിക്കുന്നതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നാകുന്നു എന്റെ കല്പന (യോഹ. 15:12). സഹോദന്മാർ ഒരുമിച്ച് വസിക്കുന്നത് എത്ര നന്മയും എത്ര സൗന്ദര്യവുമാകുന്നു

**2. ഒരു നൂതന സൃഷ്ടി കർമ്മം**

ശ്വാസമേ നീ നാലുകാറ്റുകളിൽ നിന്നും വന്ന് ഈ നിഹതന്മാർ ജീവിക്കേണ്ടതിന് അവരുടെ മേൽ ഊതുക. ശ്വാസം അവരിൽ വന്നു. അവർ ജീവിച്ചു. ഞാൻ നിങ്ങൾക്ക് പുതിയോരു ഹൃദയം നൽകും. പുതിയോരു ആത്മാവിനെ ഞാൻ നിങ്ങളുടെ ഉള്ളിൽ ആക്കും. (യെഹ. 37:6–10, 36:26) പ്രവാചകശബ്ദത്താൽ ഉണങ്ങിയ അസ്ഥികൾ ജീവിച്ച് ഒരു പുതിയ സൃഷ്ടി കർമ്മം സംഭവിച്ചു. പാപസ്വഭാവത്തിൽ മരവിച്ചുപോയ മനുഷ്യമനസ്സിനെ പുനരുജ്ജീവിപ്പിക്കാൻ പരിശുദ്ധാത്മാവിന് കഴിയും.

പെന്തിക്കോസ്തിപ്പെരുന്നാൾ ദിവസം ശിഷ്യന്മാർ കൂടിയിരിക്കുന്ന മാളികയിൽ കാറ്റ് ശക്തിയായി വീശി. അഗ്നി നാവുകൾ പ്രത്യക്ഷമായി. വലിയ മുഴക്കം കേട്ടു. പരിശുദ്ധാത്മാവിന്റെ ആവാസത്താൽ പുതുക്കം പ്രാപിച്ച പുതിയ മനുഷ്യർ, പുതിയ ഹൃദയം, പുതിയ ആത്മാവ്, പുതിയ ദർശനം, പുതിയ ശക്തി, പുതിയ സമർപ്പണം. പരിശുദ്ധാത്മ ശക്തിയാൽ പഴയത് കഴിഞ്ഞുപോയി. എല്ലാം പുതുതാക്കപ്പെടുന്നു. നവീകരണം പ്രാപിച്ച് വലിയമാറ്റങ്ങൾക്ക് വിധേയരായ ശിഷ്യന്മാർ. സാധാരണക്കാരായ, വിദ്യാവിഹീനരായ ശിഷ്യന്മാർ ദൈവജ്ഞാനത്താൽ ശക്തീകരിക്കപ്പെട്ടു. ഭയവിഹ്വലരായി ഒളിച്ചോടി ഒളിച്ചിരുന്ന ശിഷ്യന്മാർ ധൈര്യത്തോടെ പ്രസംഗിക്കുന്നു, സാക്ഷ്യം നൽകുന്നു. അവിശ്വാസത്താൽ അത്ഭുതം പ്രവർത്തിക്കാതിരുന്നവർ വിശ്വാസത്തിൽ മുന്നേറി അത്ഭുതങ്ങൾ പ്രവർത്തിക്കുന്നു.

**3. പരിശുദ്ധാത്മാവിന്റെ അളവ്**

നിസ്സായിലെ ഗ്രീഗോറിയോസിന്റെ ചിന്തയിൽ ഒരു മനുഷ്യന് നന്മയായ കാര്യം എത്രമാത്രം ചിന്തിക്കാനും പറയാനും പ്രവർത്തിക്കാനും സാധിക്കുന്നുവോ അതനുസരിച്ച് പരിശുദ്ധാത്മാവ് അവനിൽ വസിക്കുന്നുണ്ട്. കറുത്തവാവ് കഴിഞ്ഞാൽ നമ്മുടെ ദൃഷ്ടിയിൽ ചന്ദ്രക്കല വളരെ ചെറുതായി ദൃശ്യമാകും. ദിവസങ്ങൾ കഴിയുംതോറും വളർന്ന് വളർന്ന് പൂർണ്ണചന്ദ്രനായി ശോഭിക്കുന്നതും കാണാം. അന്ധകാര ശക്തിയ്ക്ക് വിധേയനായി തിന്മയിൽ ജീവിച്ചാൽ പൂർണ്ണചന്ദ്രൻ അന്ധകാരത്തിലേക്ക് മടങ്ങും പോലെ ഓരോ മനുഷ്യനും പ്രകാശജീവിതത്തിൽ നിന്നും അന്യപ്പെട്ട് അന്ധകാരമക്കൾക്കുള്ള അവസ്ഥയെ പ്രാപിക്കും.നമ്മിലുള്ള ദൈവിക തേജസ്സിനെ കെടുത്തിക്കളയാനുള്ള പ്രവണത നമ്മിലുണ്ട്. അതാണ് തിന്മ. തിന്മയെ സംഹരിച്ച് മുന്നേറുവാൻ ഓരോ വ്യക്തിക്കും പരിശുദ്ധാത്മ പ്രകാശം ആവശ്യമാണ്. തിന്മയെ സംഹരിക്കുന്നതനുസരിച്ച് തേജസ്സിന്മേൽ തേജസ്സ് വർദ്ധിക്കും. സൂര്യന്റെ തേജസ്സു വേറെ, ചന്ദ്രന്റെ തേജസ്സു വേറെ,.......... നക്ഷത്രവും നക്ഷത്രവും തമ്മിൽ തേജസ്സു കൊണ്ട് ഭേദം ഉണ്ടല്ലോ (1കോരി. 15:41) ചേറും ചെളിയുംപോലെ നമ്മുടെ ജീവിതത്തിൽ പറ്റിപ്പിടിച്ചിരിക്കുന്ന തിന്മയാകുന്ന കളങ്കങ്ങൾ, കറകൾ, നന്മ നിറഞ്ഞ ജീവിതം വഴി കഴുകി വെൺമയാക്കിയാൽ ദൈവിക സൗന്ദര്യം നമ്മിൽ വീണ്ടും ശോഭിക്കും. നന്മ തന്നെയായ ദൈവസാദൃശ്യം എത്രയോ തേജസ്സുള്ളതായിരിക്കും. നീതിമാന്മാർ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രകാശിക്കും (മത്താ. 13:43) ഉണ്ടായിട്ടുള്ളതും ഉണ്ടാകുന്നതുമായ സകലത്തേയും പൂർണ്ണമാക്കുന്ന പരിശുദ്ധറൂഹാ നമ്മോടുകൂടെ, അപൂർണ്ണതയിൽ നിന്നും പൂർണ്ണതയിലേക്ക് നമ്മെ നയിക്കുന്നത് പരിശുദ്ധാത്മാവാണ്.

നമ്മുടെ ഹൃദയമാകുന്ന വയലിൽ എത്രയോ പ്രാവശ്യം വചനമാകുന്ന വിത്ത് വിതയ്ക്കപ്പെട്ടു. അത് മുളച്ചില്ല, വളർന്നില്ല, ഫലം കായ്ച്ചതുമില്ല. പരിശുദ്ധാത്മാവാകുന്ന ചാറൽമഴ ഹൃദയമാകുന്ന വയലിനെ നനച്ചാൽ മുപ്പതും അറുപതും, നൂറുംമേനി ഫലം ലഭിക്കും. അവന്റെ വാക്കു കൈക്കൊണ്ടവൻ സ്നാനം ഏറ്റു. അന്ന് മൂവായിരത്തോളം പേർ അവരോട് ചേർന്നു.

**പെന്തിക്കോസ്തിക്കുശേഷം ഒന്നാം ഞായറാഴ്ച (യോഹ. 6:26–35)**

യേശുക്രിസ്തു അഞ്ച് അപ്പംകൊണ്ട് അയ്യായിരം പേരെ തൃപ്തരാക്കി. ഈ അത്ഭുതത്താൽ ആകർഷിക്കപ്പെട്ട ജനം വീണ്ടും അടുത്തുകൂടി. സന്തോഷത്തിനും സംതൃപ്തിക്കും കാരണഭൂതനായ യേശുക്രിസ്തുവിനെ അന്വേഷിച്ച് ജനം ഓടികൂടുന്നതിൽ അതിശയിപ്പാനൊന്നുമില്ല.അതിശയവാർത്തകളും അത്ഭുതങ്ങളും അന്നും ഇന്നും ജനത്തെ ഹരം പിടിപ്പിക്കും. പുതിയപ്രവാചകനെ പിൻപറ്റിയാൽ കഷ്ടപ്പാടും അദ്ധ്വാനവും കൂടാതെ ഭക്ഷണസമൃദ്ധിയാൽ വിശപ്പിന് പരിഹാരം കണ്ടെത്താമെന്നുള്ള വ്യാമോഹത്താൽ ഓടികൂടിയ ജനത്തോട് കർത്താവ് അരുളിച്ചെയ്യുന്നതാണ് സന്ദർഭം.

അപ്പം തിന്നു തൃപ്തരായതുകൊണ്ടത്രെ നിങ്ങൾ എന്നെ അന്വേഷിക്കുന്നത്. നശിച്ചുപോകുന്ന ആഹാരത്തിനുവേണ്ടിയല്ല, നിത്യജീവങ്കലേക്ക് നിലനിൽക്കുന്ന ആഹാരത്തിനായിട്ട് പ്രവർത്തിപ്പിൻ. അത് മനുഷ്യപുത്രൻ നിങ്ങൾക്ക് തരും

**1. മനുഷ്യപ്രയത്നം നശിച്ചുപോകുന്ന ആഹാരത്തിനുവേണ്ടി മാത്രമോ?**

മനുഷ്യന്റെ അനുദിനജീവിതത്തിലെ ആശകളുടേയും ആഗ്രഹങ്ങളുടേയും സംതൃപ്തിക്കായി മനുഷ്യൻ ഓടുന്നു, പ്രയത്നിക്കുന്നു. നശിച്ചുപോകുന്നതെല്ലാം യാഥാർത്ഥ്യങ്ങളാണെന്നുള്ള മിഥ്യാധാരണയാൽ മനുഷ്യൻ വ്യാമോഹിക്കപ്പെടുന്നു. ഭൗമികമായ വളർച്ചക്കും നിലനിൽപ്പിനും ഭക്ഷണം ആവശ്യം തന്നെ. മരണത്തിന് വിധേയമാകുന്ന ഈ ശാരീരിക വളർച്ച ഏത് സമയത്തും അസ്തമിച്ചുപോകാം. ഇന്ന് കണ്ട് നാളെവാടും പൂക്കളേപ്പോലെ മനുഷ്യായുസ്സിനെ സൂചിപ്പിക്കുന്നു. മൺമയനായ മനുഷ്യന് കുളിർമ നൽകുന്ന സ്ഥാനവും പ്രതാപവും ഐശ്വര്യവും നേട്ടവും എല്ലാം എത്രയോ നിസ്സാരം, താൽക്കാലികം, നശ്വരം! അസ്വസ്ഥനായ മനുഷ്യന്റെ ഓട്ടവും നോട്ടവും ഭൗമിക മേഖലകളിൽ ചുറ്റിത്തിരിയുന്നു. നശ്വരനായ മനുഷ്യൻ അഴിഞ്ഞു പോകുന്ന ഈ ലോകത്തിലും മനസ്സിന് പ്രിയംകരമായ വസ്തുവകകളിലും അനശ്വരത ആരോപിച്ച് സ്വയം സംതൃപ്തനാകാൻ ശ്രമിക്കുന്നു. മനുഷ്യന്റെ ബുദ്ധിശക്തിയാലും കായികശക്തിയാലും പണിതുയർത്തുന്ന മഹാസൗധങ്ങളും, ആശ്രയവും ആശ്വാസവും തരുന്ന കേന്ദ്രങ്ങളും വെറും കൽക്കൂമ്പാരങ്ങളായി അവസ്താന്തരം പ്രാപിക്കാനുള്ള സാദ്ധ്യതകളും തള്ളിക്കളയാനാവില്ല. സങ്കീർണത നിറഞ്ഞ പ്രപഞ്ചരഹസ്യങ്ങളെ പൂർണമായി വിശദീകരിക്കാൻ മനുഷ്യൻ പ്രാപ്തനോ? അപ്പമല്ലാത്തതിന് ദ്രവ്യവും തൃപ്തി വരുത്താത്തതിന് നിങ്ങളുടെ പ്രയത്നഫലവും ചെലവിടുന്നതെന്തിന്?.............നിങ്ങൾ ചെവിചായിച്ച് എന്റെ അടുക്കൽ വരുവിൻ, നിങ്ങൾക്ക് ജീവനുണ്ടാകേണ്ടതിന് കേട്ടുകൊൾവീൻ (യെശ. 55:2–3).

എന്റെ ജനം രണ്ടു ദോഷം ചെയ്തിരിക്കുന്നു. അവർ ജീവജലത്തിന്റെ ഉറവയായ എന്നെ ഉപേക്ഷിച്ചു, വെള്ളമില്ലാത്ത കിണറുകളെ പൊട്ടക്കിണറുകളെ തന്നെ കുഴിച്ചിരിക്കുന്നു. (യിരെ. 2:13) വൃഥാവാകുന്ന പ്രയത്നം പൊട്ടകിണറുകളെ കുഴിക്കുന്നു.അതിൽ നിന്നും വെള്ളം ലഭിക്കില്ല. ഈ ലോകത്തിലും വരുവാനുള്ള ലോകത്തിലും ദാഹം തീരുകയുമില്ല.

**2. ഈ നശ്വരതയിൽ ഒരു അനശ്വരതയെക്കുറിച്ച് ചിന്തിക്കുവാൻ യേശു നമ്മോട് ആവശ്യപ്പെടുന്നു.**

ഭൗമിക ജീവിതത്തിലെ വിശപ്പും ദാഹവും അകറ്റുവാൻ ഭക്ഷണപാനീയങ്ങൾ പ്രയോജനപ്രദമാണ്. ശരീരത്തിന് ഗുണകരമായ ഭക്ഷണപാനീയങ്ങൾക്ക് ആത്മികമായ വിശപ്പും ദാഹവും ശമിപ്പിക്കാൻ സാദ്ധ്യമല്ല. ഈ ആശയത്തിന്റെ പൂർണ്ണത ധനവാന്റേയും ലാസറിന്റേയും ഉപമയിൽ ദർശിക്കാം.(ലൂക്കോ. 16:19–31) ധനവാൻ ദിവസവും ആഡംബരത്തോടെ സുഖിച്ചുകൊണ്ടിരുന്നു. മരണാനന്തരം നാവിനെ തണുപ്പിക്കാൻ ഒരു തുള്ളി വെള്ളത്തിനായി ആഗ്രഹിച്ച് നിലവിളിക്കുന്നു. യാചനയ്ക്ക് ഉത്തരം ലഭിച്ചില്ല. അബ്രഹാം പിതാവ് ഒരു കാര്യം ഓർമിപ്പിക്കുന്നു. മകനേ നിന്റെ ആയുസ്സിൽ നിനക്ക് എന്തെല്ലാം നന്മ ലഭിച്ചിരുന്നു. ലഭിച്ച അനുഗ്രഹങ്ങളാൽ ഭൗമിക സന്തോഷവും സംതൃപ്തിയും മതിയാവോളം അനുഭവിച്ചു. സ്വർഗ്ഗീയസന്തോഷചിന്തകൾ ഈ ആയുസ്സിൽ അന്യമായിരുന്നു. മരണാനന്തരമാണ് ഉയരങ്ങളിലേക്കുള്ള നോട്ടത്തിന് ആവശ്യബോധം ഉണ്ടായത്. സ്വർഗ്ഗീയ നേട്ടങ്ങൾക്കുവേണ്ടിയുള്ള ഓട്ടവും നോട്ടവും ഈ ആയുഷ്ക്കാലത്ത് ഉണ്ടാകണം. ധനവാന്റെ സമയം കഴിഞ്ഞുള്ള നോട്ടം ഫലപ്രദമായില്ല. ദൈവകൃപയാൽ ലഭിക്കുന്ന ആയുസ്സും സമൃദ്ധിയും വ്യക്തിപരമായ സംതൃപ്തിക്കു മാത്രമുള്ളതല്ല. ദു:ഖവും വേദനയും വിശപ്പും ദാഹവുമായി പടിപ്പുരക്കൽ കിടന്നിരുന്ന ലാസറിന് സ്വാന്തനം നൽകുവാൻ ധനവാൻ സൻമനസ്സ് കാണിച്ചിരുന്നു എങ്കിൽ മരണാന്തര ജീവിതത്തിൽ ധനവാനും സ്വാന്തനം പ്രതീക്ഷിക്കാമായിരുന്നു. കരുണ കാണിക്കാത്തവന് കരുണയില്ലാത്ത ന്യായവിധി ഉണ്ടാകും. (യാക്കോ. 2:13)

നിത്യജീവനേക്കുറിച്ചുള്ള ചിന്തകൾ നല്ലതു തന്നെ. ആത്മാവിന്റെ ചിന്തയോ ജീവനും സമാധാനവും (റോമ. 8:6) നിത്യജീവനെ ലക്ഷ്യംവച്ചവൻ ആത്മാവിന്റെ കാര്യത്തിൽ ജാഗരൂകതയും കരുതലും ഉള്ളവൻ ആയിരിക്കും. ഒരു മനുഷ്യൻ സർവ്വലോകവും നേടിയാലും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവൻ എന്ത് പ്രയോജനം (മത്താ. 16:26) പരിശുദ്ധാത്മ ശക്തിയാൽ ശരീരമനസ്സുകളെ നിയന്ത്രിക്കുന്നവൻ നാശകരമായ പാതകളിൽ നിന്നും ഒഴിഞ്ഞ് ജീവവഴിയിൽ ലക്ഷ്യം ഉറപ്പിക്കും. ഭൗമികലോകത്തിലെ മായാമോഹങ്ങളാലും അഭിനിവേശങ്ങളാലും വ്യാപൃതമായ മനസ്സിൽ നിത്യജീവനെക്കുറിച്ചുള്ള ചിന്തകൾക്ക് ഇടം കാണില്ല. ലൗകികനായ മനുഷ്യന് ഒരിക്കലും സംതൃപ്തി ലഭിക്കാൻ സാദ്ധ്യമല്ലാത്ത തിന്മനിറഞ്ഞ ആഗ്രഹങ്ങളാൽ ജീവിക്കുന്നവരും കാണും. മരണം കഴിഞ്ഞാൽ പിതാവിന്റെ ഭവനകാംക്ഷയുള്ളവർക്ക് എന്തെങ്കിലും കരുതലും കാണുകയില്ലേ! നിത്യജീവനിൽ ശ്രദ്ധവച്ചിട്ടുള്ളവർ വഴിതെറ്റാതിരിക്കാനും ശ്രദ്ധിക്കില്ലേ! നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിലാകുന്നു. ഇന്നല്ലെങ്കിൽ നാളെ നിത്യതയുടെ ഭാഗമായി മാറേണ്ടവരാണ് നാം.

## ප.പാത്രിയർക്കീസ് ബാവായും.....പേജ് 1–ൽനിന്ന്

ഡോക്സ് സഭാതലവന്മാരും ഒന്നിച്ച് പങ്കെടുത്തു. ഇടയ്ക്ക് ഒന്നുരണ്ട് അവസരങ്ങളിൽ പ.പാത്രിയർക്കീസ് ബാവായും കാതോലിക്കാ ബാവായും മാത്രമായി സൗഹൃദസംഭാഷണത്തിൽ ഏർപ്പെട്ടു. ഓറിയന്റൽ ഓർത്തഡോക്സ് സഭാതലവന്മാരുടെ പ്രത്യേക യോഗവും അർമ്മീനിയായിൽ നടന്നു. തദവരത്തിൽ പ.പാത്രിയർക്കീസ് ബാവായും പ. കാതോലിക്കാ ബാവായും കോപ്റ്റിക് സഭാദ്ധ്യക്ഷൻ പ.പോപ്പ് തേവോദ്രോസ് രണ്ടാമനും അർമ്മീനിയൻ കാതോലിക്കോസ് ആരാം ഒന്നാമനും കാതോലിക്കാ പാത്രിയർക്കീസ് കരേക്കിൻ രണ്ടാമനും ഒന്നിച്ച് പങ്കെടുത്തു. 1965–ൽ എത്യോപ്യയിലെ ആഡിസ് അബാബയിൽ ഓറിയന്റൽ ഓർത്തഡോക്സ് സഭാതലവന്മാർ ഒന്നിച്ച് സമ്മേളിച്ചതിനുശേഷം ആദ്യമായാണ് സഭാതലവന്മാർ വീണ്ടും ഒന്നിച്ച് വരുന്നത്. പ.അന്ത്യോഖ്യാ പാത്രിയർക്കീസും പ.കാതോലിക്കാ ബാവായും തമ്മിൽ ഒന്നിച്ച് കണ്ടുമുട്ടി സംഭാഷണങ്ങൾ നടത്തിയത് മലങ്കരസഭാസമാധാനത്തിന് ഒരു പുതിയ കാൽവെയ്പ്പായിരിക്കും എന്നു കരുതപ്പെടുന്നു.

**MATRIMONIAL**

**പുരാതന ഓർത്തഡോക്സ് കർഷക കുടുംബത്തിലെ 25 വയസ്സ് 5”3 ഉയരം ഇരുനിറം എം.ബി.എ. (മംഗളം പബ്ലിക്കേഷൻ) മദ്ബഹായിലെ ശുശ്രൂഷകനുമായ യുവാവിന് വിദ്യാസമ്പന്നരായ യുവതികളിൽനിന്ന് ജോലിയുള്ളതോ ഇല്ലാത്തോ ആയ ഓർത്തഡോക്സ്, യാക്കോബായ, മാർത്തോമ്മാ എന്നീ സഭകളിൽനിന്നുള്ള പെൺകുട്ടികളുടെ രക്ഷകർത്താക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ : 9746118887**

# ഇടവക വിഭജനം സംബന്ധിച്ച് തർക്കം നിലനിൽക്കുന്ന തുമ്പമൺ സെന്റ് മേരീസ് കത്തീഡ്രൽ ഇടവകാംഗത്തിന്റെ മൃതശരീരം പത്തനംതിട്ട ബേസിൽ ദയറാ സെമിത്തേരിയിൽ സംസ്ക്കരിച്ചു

അജി റ്റി.ഫിലിപ്പ്, സെക്രട്ടറി, തുമ്പമൺ സെന്റ് മേരീസ് കത്തീഡ്രൽ

**ഇടവകയുടെ ചാപ്പൽ സ്വതന്ത്ര ഇടവകയായി ഭദ്രാസന മെത്രാപ്പോലീത്താ പ്രഖ്യാപിച്ചെങ്കിലും ഇടവക പൊതുയോഗം അത് അംഗീകരിക്കുന്നില്ല**

**തുമ്പമൺ സെന്റ് മേരീസ് കത്തീഡ്രൽ ഇടവക വികാരിയുടെ പ്രധാന കാർമ്മികത്വത്തിൽ മൃതശരീരം സംസ്ക്കരിക്കണമെന്ന് കോടതിവിധികൾ**

തുമ്പമൺ : ഭദ്രാസന ദേവാലയമായ തുമ്പമൺ സെന്റ് മേരീസ് കത്തീഡ്രൽ ഇടവകയുടെ ചാപ്പലായിരുന്ന വയലിനുംപടിഞ്ഞാറ് സെന്റ് തോമസ് ചാപ്പൽ സ്വതന്ത്ര ഇടവക ആക്കുന്നതു സംബന്ധിച്ച് വളരെ കാലമായി തർക്കം നിലനിൽക്കുകയാണ്. ഇടവക പൊതുയോഗത്തിന്റെ തീരുമാനമില്ലാതെ ചാപ്പൽ സ്വതന്ത്ര ഇടവകയാകുന്നതിന് ഭൂരിപക്ഷം ഇടവകാംഗങ്ങളും എതിരാണ്. എന്നാൽ മലങ്കര മെത്രാപ്പോലീത്തായുടെ നിർദ്ദേശം അനുസരിച്ച് ഒരുവർഷത്തിനു മുമ്പ് ഇടവക മെത്രാപ്പോലീത്താ ചാപ്പലിനെ സ്വതന്ത്ര ഇടവകയായി പ്രഖ്യാപിക്കുകയും ചാപ്പലിനുവേണ്ടി പ്രത്യേക വികാരിയെ നിയമിക്കുകയും ചെയ്തു. ഇടവക പൊതുയോഗം അതിനെ അംഗീകരിക്കാൻ തയ്യാറായില്ല. മെത്രാപ്പോലീത്തായുടെ നടപടിക്കെതിരെ ഇടവകാംഗങ്ങളിൽ ചിലർ കോടതിയെ സമീപിക്കുകയും കേസ് കൊടുക്കുകയും ചെയ്തു. ആ കേസ് ഇപ്പോഴും തീർപ്പാകാതെ നിലനിൽക്കുന്നു.

ഇങ്ങനെയിരിക്കെയാണ് ഇക്കഴിഞ്ഞ മാർച്ച് 22-ാം തീയതി ഇടവകാംഗമായ ഏലിയാമ്മ വർഗീസ് (93) നിര്യാതയായത്. പരേതയുടെ മക്കൾ ചാപ്പൽ അംഗങ്ങൾ ആകയാൽ അവരുടെ ശവസംസ്ക്കാര ശുശ്രൂഷകൾ ചാപ്പൽ വികാരിയുടെ നേതൃത്വത്തിൽ ചാപ്പലിൽവെച്ച് പൂർത്തീകരിച്ച് ഇടവക സെമിത്തേരിയിൽ സംസ്ക്കരിക്കുന്നതിന് സെമിത്തേരി തുറന്നുകൊടുക്കണമെന്നു കാണിച്ച് ഇടവക മെത്രാപ്പോലീത്താ കത്തീഡ്രൽ വികാരിക്ക് ആ ദിവസം തന്നെ കല്പന കൊടുത്തു. പള്ളിവികാരിയുടെ കാർമ്മികത്വത്തിൽ അല്ലാതെയും പള്ളിയുടെ അവകാശമായ കുഴിക്കാണം തുടങ്ങിയവ പള്ളിയാഫീസിൽ അടക്കാതെയും പള്ളിസെമിത്തേരിയിൽ മൃതദേഹം മറവുചെയ്യുന്നതിന് ഇടവകാംഗങ്ങൾ എതിർപ്പു പ്രകടിപ്പിച്ചു. ക്രമസമാധാന പ്രശ്നമുണ്ടാകാതെ ഇടവകയുടെ അവകാശങ്ങൾ സംരക്ഷിച്ച് പ്രശ്നം പരിഹരിക്കുന്നതിനായി പള്ളിഭരണക്കാർ പത്തനംതിട്ട ജില്ലാകളക്ടർ, പത്തനംതിട്ട എസ്.പി. അടൂർ ഡി.വൈ.എസ്.പി. എന്നിവരെ കണ്ട് പരാതി നൽകി. ചാപ്പൽ വികാരിയുടെ നേതൃത്വത്തിൽ ശവസംസ്ക്കാരം നടത്തുന്നതിനുള്ള സാഹചര്യം ഒരുക്കിത്തരണമെന്ന് ആവശ്യപ്പെട്ട് ചാപ്പലിന്റെ ചുമതലക്കാർ അടൂർ ആർ.ഡി.ഒ.യെയും സമീപിച്ചു. ആർ.ഡി.ഒ.യുടെ അഭാവത്തിൽ അടൂർ തഹസീൽദാർ ഇരുകൂട്ടരുമായും ചർച്ചകൾ നടത്തി.

നിര്യാതയായ വ്യക്തി തുമ്പമൺ ഇടവകയിലെ അംഗമായതിനാൽ അവരുടെ ശവസംസ്ക്കാരം തുമ്പമൺ പള്ളി സെമിത്തേരിയിൽ നടത്തുന്നതിന് എതിർപ്പില്ലെന്ന് വികാരി അറിയിച്ചു. എന്നാൽ അത് സഭാഭരണഘടന അനുസരിച്ചും ഇടവകയുടെ നടപടിക്രമങ്ങളനുസരിച്ചും ഇടവക വികാരിയുടെ നേതൃത്വത്തിലും ആയിരിക്കണമെന്നും വികാരി പറഞ്ഞു. നിര്യാതയായ വ്യക്തി അസുഖമായിരിക്കുമ്പോൾ തന്റെ ഭർത്താവിനെ സംസ്ക്കരിച്ച തുമ്പമൺ പള്ളി സെമിത്തേരിയിലെ കല്ലറയിൽതന്നെ സംസ്ക്കരിക്കണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചിട്ടുള്ളതായും അതംഗീകരിക്കുന്നതിന് തടസ്സമില്ലെന്നും ഇടവക വികാരി അറിയിച്ചു. എന്നാൽ ശവസംസ്ക്കാര ശുശ്രൂഷകൾ ചാപ്പൽ വികാരിയുടെ നേതൃത്വത്തിൽ ചാപ്പലിൽവെച്ച് പൂർത്തീകരിച്ച് പള്ളിസെമിത്തേരിയിൽ അടക്കണമെന്ന നിലപാടിൽ ചാപ്പലിന്റെ വികാരിയും ചുമതലക്കാരും ഉറച്ചുനിന്നു. പന്തളം സർക്കിൾ ഇൻസ്പെക്ടറും ഇരുകൂട്ടരെയും ചർച്ചയ്ക്കു വിളിച്ചു. ശുശ്രൂഷകൾ പൂർണ്ണമായും ചാപ്പലിൽ നടത്തിയ ശേഷം മാത്രമേ സെമിത്തേരിയിൽ കൊണ്ടുവരുവാൻ സാധിക്കുകയുള്ളു എന്ന നിലപാടിൽ ചാപ്പലിന്റെ ചുമതലക്കാർ ഉറച്ചുനിന്നു. പള്ളിസെമിത്തേരി അവർക്കുകൂടി ഇവകാശപ്പെട്ടതാണെന്നായിരുന്നു അവരുടെ നിലപാട് എന്നാൽ ഇടവക പൊതുയോഗ തീരുമാനമനുസരിച്ചേ സെമിത്തേരി വിഷയം പരിഹരിക്കാൻ സാധിക്കുകയുള്ളു എന്ന നിലപാടിൽ ഇടവകയുടെ പ്രതിനിധികളും ഉറച്ചുനിന്നു. എല്ലാ ശുശ്രൂഷയും ചാപ്പലിൽവെച്ച് നടത്തിക്കൊള്ളട്ടെ അവസാനം മുഖംമൂടി, തൈലം ഒഴിക്കുകയും മണ്ണിടുകയും ചെയ്യുന്ന അന്ത്യകർമ്മം മാത്രം പള്ളിയിൽവെച്ച് നടത്തിയാൽ മതി അടക്കത്തിന് സമ്മതിക്കാം എന്ന് ഇടവക വികാരി അറിയിച്ചു. ചാപ്പലുകാർ അത് അംഗീകരിക്കാൻ തയ്യാറാകാഞ്ഞതിനാൽ ഒത്തുതീർപ്പ് ഉണ്ടായില്ല. വികാരിയുടെയും പള്ളിയുടെയും അനുവാദമില്ലാതെ അനധികൃതമായി ഇടവക സെമിത്തേരിയിൽ ശവം മറവുചെയ്യാൻ ശ്രമിക്കുന്നതിന് ആരെയും അനുവദിക്കരുതെന്ന് ആവശ്യപ്പെട്ട് ഇടവക വികാരിയും കൈക്കാരനും ചേർന്ന് അടൂർ മുൻസിഫ് കോടതിയിൽ പരാതി നൽകി. അതിൻപ്രകാരം ചാപ്പൽ വികാരിയോ മറ്റാരെങ്കിലുമോ അനധികൃതമായി പള്ളിസെമിത്തേരിയിൽ പ്രവേശിക്കുന്നത് താൽക്കാലികമായി നിരോധിച്ചുകൊണ്ട് കോടതി ഉത്തരവുണ്ടായി. പിന്നീട് ഇരുവിഭാഗത്തിന്റെയും ദീർഘമായ വാദം കേട്ടശേഷം ഇടവകയുടെ അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ടും ഇടവക വികാരിയുടെ നിലപാട് അംഗീകരിച്ചുകൊണ്ടും അടൂർ മുൻസിഫ് കോടതി ഉത്തരവ് പുറപ്പെടുവിച്ചു. ഐ.എ.363/2015 നമ്പരായി ഉള്ള മുൻസിഫ് കോടതിയുടെ പ്രധാന തീരുമാനങ്ങൾ താഴെപ്പറയുന്നു.

1. തുമ്പമൺ സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിലെ വികാരിയെ സെന്റ് മേരീസ് കത്തീഡ്രലിലും ശവക്കോട്ടയിലും നടക്കുന്ന ഏലിയാമ്മ വർഗീസിന്റെ ശവസംസ്ക്കാര ശുശ്രൂഷകൾ നടത്തുന്നതിന് അധികാരപ്പെടുത്തിയിരിക്കുന്നു.

2. വയലിനും പടിഞ്ഞാറ് സെന്റ് തോമസ് ചാപ്പലിലെ വികാരിക്ക് താൽപര്യമുള്ളപക്ഷം ശവസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുക്കാം.

3. ശവസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുക്കുന്ന ആരെയും കത്തീഡ്രൽ ഇടവക തടസ്സപ്പെടുത്തുവാൻ പാടില്ല.

4. ശവസംസ്ക്കാര സംബന്ധമായ കല്ലറ ഫീസ്, കുഴിക്കാണം മുതലായ വരുമാനങ്ങൾ ഏലിയാമ്മ വർഗീസിന്റെ പിൻഗാമികളിൽനിന്നും ഈടാക്കാൻ ഇടവകയ്ക്ക് സ്വാതന്ത്ര്യമുണ്ട്.

തുമ്പമൺ ഇടവകയ്ക്കുവേണ്ടി അഡ്വ. വർഗീസ് മുതലാളിയും ചാപ്പലിനുവേണ്ടി അഡ്വ.മാത്യൂസ് മാഠത്തേത്തും ഹാജരായി.

ഈ വിധിക്കെതിരെ ചാപ്പലിന്റെ ചുമതലക്കാർ ഉടനെതന്നെ ഹൈക്കോടതിയെ സമീപിച്ചെങ്കിലും കീഴ്ക്കോടതിവിധി ഹൈക്കോടതിയും അംഗീകരിച്ചു. വിധിവന്നശേഷം ശവസംസ്ക്കാര ശുശ്രൂഷ സംബന്ധിച്ച് ക്രമീകരണങ്ങൾ ചെയ്യുന്നതിന് അടൂർ ഡി.വൈ.എസ്.പി. ഇരുകൂട്ടരെയും ചർച്ചയ്ക്ക് വിളിച്ചു. തുമ്പമൺ പള്ളിവികാരിയുടെ കാർമ്മികത്വത്തിൽ പള്ളിസെമിത്തേരിയിൽ മൃതദേഹം സംസ്ക്കരിക്കുന്നതിനില്ലാ എന്ന നിലപാടിൽ ചാപ്പൽ വികാരിയും പ്രതിനിധികളും ഉറച്ചുനിന്നു. പിറ്റേദിവസം ഉച്ചയോടെ ഭവനത്തിൽവെച്ചുള്ള ശുശ്രൂഷകൾ പൂർത്തീകരിച്ച് ഏലിയാമ്മ വർഗീസിന്റെ മൃതശരീരം വിലാപയാത്രയായി പത്തനംതിട്ട ബേസിൽ ദയറായിൽ കൊണ്ടുവരികയും അവിടെ സംസ്ക്കരിക്കുകയും ചെയ്തു. ഇടവകകളുടെ സ്വാതന്ത്ര്യത്തിനെതിരെയും ഇടവക പൊതുയോഗ തീരുമാനങ്ങളെ അവഗണിച്ചും ഇടവക മെത്രാപ്പോലീത്തായോ മലങ്കര മെത്രാപ്പോലീത്തായോ തീരുമാനം എടുത്താൽ അത് നിലനിൽക്കുകയില്ലാ എന്ന സുപ്രധാനമായ ഈ വിധി ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുവാൻ പര്യാപ്തമാണ്.


## ഗിവ് സൈറ്റ് പ്രോജക്റ്റ് വഴി ഒരന്ധന് കാഴ്ച നൽകുക

**എം.ഒ.എസ്.സി. മെഡിക്കൽ മിഷൻ ഐ ഹോസ്പിറ്റൽ, പി.ഒ. കാര്യമ്പാടി, വയനാട്, കേരള-673 591, ഫോൺ : 04936-247274, 248034, 9446733201**

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ആഭിമുഖ്യത്തിൽ 1986 ജനുവരി 17ന് ആണ് കാര്യമ്പാടി കണ്ണാശുപത്രി ആരംഭിച്ചത്. മിഷന്റെ ഭരണഘടന അനുസരിച്ച് പ.ബാവാ തിരുമേനി പ്രസിഡന്റും, സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ വൈസ് പ്രസിഡന്റുമാണ്. കൂടാതെ പ.ബാവാ തിരുമനസ്സിലെയും, മലങ്കരസഭാ മാനേജിംഗ് കമ്മിറ്റിയുടെയും, ഭദ്രാസന കൗൺസിലിന്റെയും നോമിനികളും, വൈദികട്രസ്റ്റി, അത്മായട്രസ്റ്റി, സഭാസെക്രട്ടറി എന്നിവരെല്ലാം ഉൾപ്പെടുന്ന 55 അംഗങ്ങളുള്ള ഗവേണിംഗ് ബോർഡിന്റെ നിയന്ത്രണത്തിലുമാണ് ആശുപത്രി പ്രവർത്തിച്ചുവരുന്നത്.

ആദിവാസികൾ ഏറെയുള്ളതും തികച്ചും അവികസിതവും ചികിത്സാസൗകര്യങ്ങൾ നന്നേ കുറവുള്ളതുമായ ജില്ലയാണ് വയനാട്. കണ്ണാശുപത്രിയുടെ ഇതേവരെയുള്ള പ്രവർത്തന മികവ് കാരണം സമീപജില്ലകളിൽനിന്നും ചികിത്സ തേടി രോഗികൾ ധാരാളമായി വന്നുതുടങ്ങിയിട്ടുണ്ട്. യാതൊരു ചികിത്സയും തേടുവാൻ മാർഗ്ഗമില്ലാതെ കഴിഞ്ഞുകൂടിയിരുന്ന ആയിരക്കണക്കിന് അന്ധരെ സൗജന്യ ശസ്ത്രക്രിയവഴി വെളിച്ചത്തിലേക്കും ജീവിത്തിന്റെ മുഖ്യധാരയിലേക്കും നയിക്കുവാൻ കാര്യമ്പാടി കണ്ണാശുപത്രിയിലെ പ്രഗത്ഭരായ ഡോക്ടർമാർക്ക് സാധിച്ചിട്ടുണ്ട്. 2013 മാർച്ച് 31 വരെ ഒരുകോടി എൻപത്തിയാറുലക്ഷത്തി എൺപത്തയ്യായിരത്തി ഇരുപത്തിയെട്ടു രൂപയുടെ (18685028.40) സൗജന്യ ചികിത്സ നൽകുവാൻ ദൈവകൃപയാൽ കഴിഞ്ഞു. ഗിവ്സൈറ്റ് പ്രോജക്റ്റിലേക്ക് ഉദാരമതികളായ സഹോദരങ്ങൾ നൽകിയ വിലപ്പെട്ട സംഭാവനകളാണ് ഈ കാര്യത്തിൽ ഞങ്ങൾക്ക് ശക്തി പകർന്നത്. സഹായിച്ച എല്ലാവരോടും ഹൃദയപൂർവ്വം നന്ദി പറയുന്നു.

ഇൻട്രാ ഒക്കുലർ ലെൻസ് ആധുനീക താക്കോൽദ്വാര ശസ്ത്രക്രിയവഴി കണ്ണിനുള്ളിൽ വെച്ച് കാഴ്ച നൽകുന്ന ചികിത്സാരീതി ഏറെ ചെലവുള്ളതാണ്. അതുകൊണ്ട് സാധാരണക്കാരായ പാവപ്പെട്ടവർ നിത്യ അന്ധതയിലും പട്ടിണിയിലും കഴിഞ്ഞുകൂടേണ്ടിവരുന്നു. ഇവരെ സഹായിക്കുകയെന്ന ലക്ഷ്യത്തോടെയാണ് കാര്യമ്പാടി കണ്ണാശുപത്രിയിൽ ഗിവ്സൈറ്റ് പദ്ധതി ആരംഭിച്ചത്. ഈ പദ്ധതി അനേകർക്ക് പ്രയോജനകരമാക്കുവാൻ സാധിച്ചതിൽ ഏറെ ചാരിതാർത്ഥ്യമുണ്ട്.

പാവപ്പെട്ട ഒരന്ധനെങ്കിലും കാഴ്ച കൊടുക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ ഒരു ശസ്ത്രക്രിയക്ക് 2000 രൂപ എന്ന നിരക്കിൽ ഗിവ്സൈറ്റ് പ്രോജക്റ്റിലേക്ക് നിങ്ങളുടെ സംഭാവന അയച്ചുതരുക. എത്രപേരെ വേണമെങ്കിലും ഇപ്രകാരം സ്പോൺസർ ചെയ്യാവുന്നതാണ്. ശസ്ത്രക്രിയക്ക് അധികം വരുന്ന ചെലവുകൾ ആശുപത്രി കണ്ടെത്തുന്നതുമാണ്. ശസ്ത്രക്രിയവഴി കാഴ്ച ലഭിച്ചവരുടെ പൂർണ്ണ വിവരങ്ങൾ യഥാസമയം നിങ്ങളെ കത്ത് മൂലം അറിയിക്കുന്നതുമാണ്.

നിങ്ങളുടെ ജീവിതത്തിലെ ഏതെങ്കിലും പ്രധാനപ്പെട്ട വിശേഷ ദിവസത്തിന്റെ സ്മരണക്കായിട്ടോ നന്ദി സൂചകമായിട്ടോ ഒരന്ധനെയെങ്കിലും കാഴ്ചയിലേക്ക് നയിക്കുവാൻ ദൈവം നിങ്ങളെ സഹായിക്കട്ടെ. എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തിടത്തോളം എല്ലാം എനിക്കുചെയ്തു എന്ന് ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു എന്ന് കല്പിച്ച് അരുളിച്ചെയ്ത യേശുക്രിസ്തുവിന്റെ വചനം നമ്മുടെ ജീവിതത്തിലും അനുഗ്രഹമായിത്തീരട്ടെ.

നിങ്ങളുടെ സംഭാവനകൾ ചെക്ക്/ഡി.ഡി./എം.ഒ. ആയോ മീനങ്ങാടി കാനറാ ബാങ്ക് ശാഖയിലെ SB A/C 0827101010768 നമ്പറിലേക്ക് ബാങ്ക് മുഖേന നേരിട്ടോ തരാവുന്നതാണ്. IFS Code CNRB0000827 ആണ്. ബാങ്ക് മുഖേന അയക്കുന്നവർ ടെലഫോൺ മുഖേനയോ കത്തയച്ചോ വിവരം അറിയിച്ചാൽ രസീത് വേഗത്തിൽ അയച്ചുതരുവാൻ സാധിക്കുമായിരുന്നു. NRI അക്കൗണ്ടിൽനിന്ന് പണം അയക്കുന്നവർ ആശുപത്രിയുടെ FCRA അക്കൗണ്ട് 0827101010684 നമ്പറിലേക്ക് അയക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം

ചെക്കിലും ഡി.ഡി.യിലും Treasurer, Give Sight Project, Treasurer, MOSC MM Eye Hospital, Kariambadi എന്ന് എഴുതി ക്രോസ് ചെയ്ത് അയക്കാൻ ശ്രമിക്കുമല്ലോ.

**റവ.അബ്രഹാം മാത്യു എടയക്കാട്ട് കോർഎപ്പിസ്കോപ്പാ, സെക്രട്ടറി, ഗവേണിംഗ് ബോർഡ്**


# അബ്ദുള്ള അബ്ദൽ മശിഹാ പാത്രിയർക്കീസിന്റെ വരവും എം.എ. അച്ചനും.....കഴിഞ്ഞലക്കം തുടർച്ച

സി.പി.ഫിലിപ്പ്, ക്യാൻബറ, ആസ്ട്രേലിയ

**അബ്ദുള്ള ബാവായുടെ ആഗമനവും മാർ ദീവന്നാസിയോസിനു ലഭിച്ച മുടക്കം**

അന്ത്യോഖ്യാ യാക്കോബായ പാത്രിയർക്കീസായിരുന്ന അബ്ദുള്ള ബാവാ മലങ്കര സന്ദർശനാർത്ഥം ഇവിടെ എഴുന്നള്ളിയ കാലയളവിൽ എം.എ. അച്ചൻ എം.ഡി.സെമിനാരി പ്രിൻസിപ്പാളായി ജോലി നോക്കിക്കൊണ്ടിരിക്കുകയായിരുന്നു. ഇംഗ്ലണ്ടിലും മറ്റും പോയശേഷം കേരളത്തിലേക്ക് വരുവാൻ താൻ ഉദ്ദേശിക്കുന്നെന്നും കപ്പലിൽ ഇന്ന ദിവസം ബോംബെയിൽ ഇറങ്ങുന്നതാണെന്നും തന്നെ സ്വീകരിക്കുവാൻ അവിടെ വന്നുചേരണമെന്നുമുള്ള കമ്പി വട്ടശ്ശേരിൽ മാർ ദീവന്നാസിയോസ് തിരുമേനിക്ക് പാത്രിയർക്കീസിൽനിന്നും ലഭിക്കുക ഉണ്ടായി. ഉടൻതന്നെ മെത്രാപ്പോലീത്താ എം.എ. അച്ചനെ വരുത്തി പാത്രിയർക്കീസ് ബോംബെയിൽ എത്തുമ്പോൾ അദ്ദേഹത്തെ സ്വീകരിക്കുന്നതിനായി മാർ ദീവന്നാസിയോസ്, ഫാ.പി.റ്റി.ഗീവർഗീസ്, കോനാട്ട് മല്പാനച്ചൻ, താമരപ്പള്ളിൽ ഏബ്രഹാം കത്തനാർ, ഇ.എം.ഫിലിപ്പ്, കെ.സി.മാമ്മൻ മാപ്പിള എന്നിങ്ങനെ സമുദായ പ്രിതിനിധികളായ ഏതാനും ആളുകൾ പോകണമെന്നു തീരുമാനിച്ചു. നിശ്ചിത ദിവസം എല്ലാവരും ബോംബെയിൽ എത്തുകയും പാത്രിയർക്കീസ് ബാവായെ ബഹുമാനപുരസ്സരം സ്വീകരിക്കുകയും ചെയ്തു. പാത്രിയർക്കീസ് ബാവാ തിരുമേനിയെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളിലും താൽപര്യപൂർവ്വം പ്രവർത്തിക്കുന്നതിന് എം.എ. അച്ചനുണ്ടായിരുന്ന സന്നദ്ധത ബാവാ തിരുമേനിയിൽ അതീവ തൃപ്തി ഉളവാക്കി. തൻനിമിത്തം പാത്രിയർക്കീസിന്റെ ഒരു സെക്രട്ടറിയെന്നോണം എം.എ. അച്ചൻ പ്രവർത്തിച്ചുകൊണ്ടിരുന്നു. പാത്രിയർക്കീസിനു ലഭിച്ചുകൊണ്ടിരുന്ന അനേകം കത്തുകൾ ഇംഗ്ലീഷിൽനിന്നും സുറിയാനിയിലേക്കു വിവർത്തനം ചെയ്യുന്ന ജോലിയും അച്ചൻ

(ശേഷം പേജ് 5-ൽ)

പുസ്തക പരിചയം

# വിശുദ്ധിയുടെ വിരിക്കൂട്ടം

പ്രൊഫ. ജേക്കബ് കുര്യൻ ഓണാട്ട്, (പ്രിൻസിപ്പൽ, ബസേലിയസ് കോളജ്, കോട്ടയം)

ഇക്കഴിഞ്ഞ ഈസ്റ്റർദിന സന്ധ്യയിൽ പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ ആയിരക്കണക്കിന് ഭക്തജനങ്ങളുടെ സാന്നിദ്ധ്യത്തിൽ ഒരു പുസ്തകപ്രകാശനം നടന്നു. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ബെഞ്ചമിൻ കോശിക്ക് പ്രഥമ കോപ്പി സമ്മാനിച്ചുകൊണ്ട് പ. പാമ്പാടി തിരുമേനി : വിശുദ്ധിയുടെ വിരിക്കൂട്ടം എന്ന പുസ്തകമാണ് പരിശുദ്ധ കാതോലിക്കാബാവ പ്രകാശനം ചെയ്തത്.

പൗരസ്ത്യ ആധ്യാത്മികതയിൽ പിതാക്കന്മാരെപ്പറ്റിയുള്ള പഠനങ്ങൾക്കും (Patristics) വിശുദ്ധന്മാരെക്കുറിച്ചുള്ള ജീവചരിത്ര ഗ്രന്ഥങ്ങൾക്കും (hagiography) ഏറെ പ്രാധാന്യമുണ്ട്. ദൈവരാജ്യത്തിനുവേണ്ടി ലൗകിക ഇമ്പങ്ങളെ പരിത്യജിച്ച് വിശുദ്ധിയുടെ നിറകുടങ്ങളായി ജീവിച്ചവരുടെ ഉദാത്തമാതൃകകൾ വരുംതലമുറകളെ ഉത്ബുദ്ധരാക്കും എന്നതിനാൽ ക്രൈസ്തവസഭകൾ പൊതുവേ വിശുദ്ധന്മാരെക്കുറിച്ചുള്ള പഠനങ്ങൾ പ്രോത്സാഹിപ്പിച്ചുവരുന്നുണ്ട്. ജീവിച്ചിരുന്നപ്പോൾത്തന്നെ പുണ്യവാൻ എന്ന് ജാതിമത ഭേദമന്യെ ആളുകൾ കരുതി ബഹുമാനിച്ച പരിശുദ്ധ പാമ്പാടി തിരുമേനിയെപ്പറ്റിയുള്ള പഠനഗ്രന്ഥങ്ങൾ പലതുണ്ട്. ശ്രീ. കെ. വി. മാമ്മൻ, പ്രൊഫ. കെ. എം. കുറിയാക്കോസ് എന്നിവർ രചിച്ച പ്രഖ്യാതഗ്രന്ഥങ്ങൾക്കു പുറമെ പാമ്പാടി ദയറായിൽനിന്ന് പ്രസിദ്ധീകരിച്ചിട്ടുള്ള ആധികാരിക ജീവചരിത്ര ഗ്രന്ഥവും സ്മരണീയമാണ്.

എന്നാൽ വിശുദ്ധിയുടെ വിരിക്കൂട്ടം ഇവയിൽനിന്നൊക്കെ ഒരു കാര്യത്തിൽ വ്യത്യസ്ഥമാണ്. പരിശുദ്ധ പാമ്പാടി തിരുമേനിയുമായി നേരിട്ടു ബന്ധപ്പെട്ടിട്ടുള്ള സമകാലീനരുടെ നേർക്കാഴ്ചകളുടെ സമാഹരണമായിട്ടാണ് ഈ പുസ്തകം വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്. കാലചക്രം തിരിയുമ്പോൾ ശ്രദ്ധേയരായ വ്യക്തികളുടെ ഇഹലോകജീവിതത്തിന്റെ സൂക്ഷ്മാംശങ്ങൾ ഓർമ്മയിൽനിന്ന് നഷ്ടപ്പെട്ടും. പാമ്പാടി തിരുമേനിയുടെ കാര്യത്തിൽ ഇത് സംഭവിക്കരുതെന്ന നിശ്ചയദാർഢ്യമാണ് മലങ്കര സഭാ പ്രസിദ്ധീകരണ വിഭാഗം അദ്ധ്യക്ഷൻ തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ പ്രകടിപ്പിച്ചത്. അദ്ദേഹത്തിന്റെ നിർദ്ദേശമനുസരിച്ച് ഈ ദൗത്യം ഏറ്റെടുത്ത എഡിറ്റർ ഡോ. എം. കുര്യൻ തോമസ് സമയബന്ധിതമായി ദൗത്യം പൂർത്തിയാക്കിയത് പ്രശംസ അർഹിക്കുന്നു. അദ്ദേഹത്തിന്റെയും കൂട്ടാളികളുടെയും കഠിനാദ്ധ്വാനത്തിന്റെ ഫലമായാണ് പരിശുദ്ധ പാമ്പാടി തിരുമേനി കാലം ചെയ്ത് 50 വർഷം തികയുന്ന ചരമകനക ജൂബിലി ദിനത്തിൽത്തന്നെ ഈ ഗ്രന്ഥം വെളിച്ചം കാണാൻ ഇടവന്നത്.

പരിശുദ്ധ പാമ്പാടി തിരുമേനിയുടെ 30-ാംദിവസ അടിയന്തിരനാളിൽ (04/05/1965) പാമ്പാടി ദയറായിൽനിന്ന് സ്മര്യപുരുഷന്റെ ഒരു ലഘു ജീവചരിത്രം പ്രസിദ്ധീകരിക്കപ്പെട്ടു. ഫാ. പി. പി. ഗീവർഗീസ് ഐക്കരപ്പടവിൽ രചിച്ച ഈ പ്രഥമ ജീവചരിത്രഗ്രന്ഥം അതേപടി വിശുദ്ധിയുടെ വിരിക്കൂട്ട ത്തിൽ പകർത്തിയിട്ടുണ്ട്. ഓരോ ദിവസവും നാൾവഴിക്കുറിപ്പുകൾ (diary) കൃത്യമായി എഴുതി സൂക്ഷിച്ചിരുന്ന വാകത്താനം കാരുചിറ ഗീവർഗീസ് റമ്പാന്റെ (പിന്നീട് രണ്ടാം കാതോലിക്കാ പ. ബസേലിയസ് ഗീവർഗീസ് പ്രഥമൻ) സ്മരണകളും പാമ്പാടി കുറിയാക്കോസ് റമ്പാന്റെ ഒരു ഏകദേശ രേഖാചിത്രം മനസ്സുകളിൽ ഉളവാക്കാൻ പര്യാപ്തമാണ്. പ്രമുഖ സഭാചരിത്രകാരൻ ഇസഡ്. എം. പാറേട്ട്, പാമ്പാടി തിരുമേനിയുടെ സഹോദരപുത്രൻ പേഴമറ്റത്ത് കുറിയാക്കോസ് കത്തനാർ, മലങ്കര സഭയുടെ മുൻ വൈദിക ട്രസ്റ്റി മണലിൽ യാക്കോബ് കത്തനാർ, 102-ാം വയസ്സിലും ഓർമ്മകൾ കൈവിടാത്ത ചൂരപ്പാടിൽ കെ.സി. പുന്നൂസ് കത്തനാർ തുടങ്ങിയവരുടെ അനുസ്മരണങ്ങളും ഈ ഗ്രന്ഥത്തിന് മുതൽക്കൂട്ടുതന്നെ. പരിശുദ്ധ തിരുമേനിയുടെ പ്രഥമ ഗുരുവും, പ്രിയ ശിഷ്യന് ആശ്രമമൊരുക്കാൻ പൊത്തൻപുറംകുന്ന് നിസ്സാരവിലയ്ക്ക് തീറുകൊടുത്തയാളുമായ മഠത്തിലാശാന്റെ കൊച്ചുമകൻ ഡോ. ആർ. രാമകൃഷ്ണൻ നായരുടെ (കേരള യൂണിവേഴ്സിറ്റി മുൻ പ്രൊഫസ്സർ) പ്രൗഢലേഖനം സ്മര്യപുരുഷനുമായി തനിക്കുണ്ടായിരുന്ന കാൽനൂറ്റാണ്ടുകാലത്തെ ഗാഢബന്ധം വരച്ചുകാട്ടുന്നതാണ്.

പ്രശസ്ത ഇംഗ്ലീഷ് സാഹിത്യകാരനും പ്രഥമ ഇംഗ്ലീഷ് നിഘണ്ടുവിന്റെ പിതാവുമായിരുന്ന ഡോ. സാമുവൽ ജോൺസന്റെകൂടെ പതിറ്റാണ്ടുകൾ സന്തതസഹചാരിയായി നടന്ന് ആ മഹാന്റെ ജീവിതം നേരിൽകണ്ടറിഞ്ഞശേഷമാണ് ജെയിംസ് ബോസ്വെൽ ലൈഫ് ഓഫ് ജോൺസൺ എന്ന പ്രശസ്ത ജീവചരിത്ര ഗ്രന്ഥം രചിച്ചത്. പരിശുദ്ധ പാമ്പാടി തിരുമേനിയുടെ ബോസ്വെൽ ആയിരുന്നു വന്ദ്യ പി.സി. യോഹന്നാൻ റമ്പാൻ. 65 വർഷങ്ങൾക്കുമുമ്പ് ഒരു ശനിയാഴ്ച ഉച്ചതിരിഞ്ഞ്, പിറ്റേന്ന് ദയറായിലെ വി. കുർബാനയ്ക്ക് ശുശ്രൂഷകനായി കൂടാൻ അനുവാദം ചോദിച്ചുവന്ന യോഹന്നാൻ എന്ന പതിന്നാലു വയസ്സുകാരൻ വീട്ടിലേക്ക് പിന്നെ മടങ്ങിയില്ല. ദയറായിൽ താമസിച്ച് സ്കൂൾ വിദ്യാഭ്യാസം തുടർന്ന യോഹന്നാൻ കാലക്രമത്തിൽ തിരുമേനിയുടെ ശുശ്രൂഷകനും, ശെമ്മാശ്ശനും, വൈദികനും, സെക്രട്ടറിയും ആയുഷ്പര്യന്തം പാമ്പാടി ദയറായുടെ മാനേജരുമൊക്കെ ആയതും തിരുമേനിയുടെ ഓർമ്മ നിലനിർത്താൻ പടുത്തുയർത്തിയ സ്ഥാനപങ്ങളുടെയെല്ലാം മുഖ്യശില്പിയായതുമൊക്കെ പിൽക്കാല ചരിത്രം. മൺമറഞ്ഞുപോയ വന്ദ്യറമ്പാച്ചന്റെ സ്നേഹവാനായ പിതാവ് എന്ന അനുസ്മരണാലേഖനം വായനക്കാരുടെ കണ്ണുകളെ ഈറനണിയിക്കും. പാമ്പാടി തിരുമേനിയുടെ പ്രിയശിഷ്യന്മാരായിരുന്ന പി.സി. ഐപ്പ് പല്ലാട്ട്, സി. എ. ഏബ്രഹാം ചാമക്കാലായിൽ എന്നിവരുടെ ഓർമ്മക്കുറിപ്പുകളും ശ്രദ്ധേയങ്ങൾ തന്നെ.

പൊട്ടൻ വല്യപ്പനെയും മത്തായിച്ചേട്ടനെയും ഓർക്കാതെ പാമ്പാടി തിരുമേനിയുടെ ചരിത്രം പൂർത്തിയാവില്ല. തിരുമേനിക്കും ദയറായിലെ അന്തേവാസികൾക്കും ഭക്ഷണം വച്ചുവിളമ്പുന്ന പരിചാരകൻ മാത്രമായിരുന്നില്ല പൊട്ടൻ എന്ന് വിളിക്കപ്പെട്ടിരുന്ന തോമസ്. ദയറായുടെ ഒരു നടത്തിപ്പുകാരനോ കാര്യസ്ഥനോ ഒക്കെ ആയിരുന്നു അദ്ദേഹം. ഞാൻ വിളിച്ചാൽ വിളികേൾക്കുന്നിടത്ത് തോമസിനെ അടക്കണം എന്ന് തിരുമേനി കല്പിച്ചിരുന്നതുകൊണ്ട് തിരുമേനിയുടെ കബറിന്റെ തൊട്ടു വടക്കുവശത്താണ് പൊട്ടൻ വല്യപ്പനെ അടക്കിയിരിക്കുന്നത്. അടുക്കളയിൽ പൊട്ടൻ വല്യപ്പന്റെ സഹായിയായിരുന്നു മത്തായിച്ചേട്ടൻ. കൂടാതെ സമീപപ്രദേശങ്ങളിലെ വീടുകളിൽപോയി പിടിയരി പിരിച്ചുകൊണ്ടുവന്നിരുന്നതും അദ്ദേഹമായിരുന്നു. ഈ രണ്ട് എളിയ സേവകരുടെയും രേഖാചിത്രങ്ങൾ കോറിയിട്ടിരിക്കുന്നത് തിരുമേനിയുടെ ശിഷ്യൻ ചാമക്കാലാ സി.എ. ഏബ്രഹാമിന്റെ പുത്രനും ഇപ്പോൾ ദയറായുടെ അസിസ്റ്റന്റ് മാനേജരുമായ ഫാദർ സി.എ. വർഗീസ് ആണ്.

പാമ്പാടി തിരുമേനിയുടെ രണകാലത്തെ ശ്രദ്ധേയരായ വൈദിക ശ്രേഷ്ഠരായിരുന്നു പാറയ്ക്കൽ കുറിയാക്കോസ് കത്തനാർ, നെടുമാവ് റ്റി.വി. ജോർജ് കത്തനാർ, തലക്കുളത്ത് റ്റി.സി. ജേക്കബ് കത്തനാർ തുടങ്ങിയവർ. തിരുമേനിയുടെ വ്യക്തിത്വവും അന്ത്യനിമിഷങ്ങളുമൊക്കെ അടുത്തുനിന്ന് കണ്ടറിഞ്ഞ അവരുടെ സാക്ഷ്യങ്ങളും ശ്രദ്ധേയങ്ങളാണ്. പാമ്പാടി തിരുമേനിയുടെ ജീവിതമായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗമെന്ന് സുപ്രസിദ്ധ വാഗ്മിയും ഗുരുക്കന്മാരുടെ ഗുരുവുമായ ബഹു. റ്റി. ജെ. ജോഷ്വാ അച്ചൻ അനുസ്മരിക്കുന്നു. സ്വാനു വത്തിൽനിന്ന് പറയുമ്പോഴാണ് പ്രസംഗം അർത്ഥപൂർണ്ണവും ഹൃദയസ്പർശിയുമാകുന്നത്. അതായിരുന്നു പാമ്പാടി തിരുമേനിയുടെ പ്രസംഗവും ജീവിതവുമായുള്ള ബന്ധമെന്ന് ലേഖകൻ സമർത്ഥിക്കുന്നു. ബാല്യകാലത്ത് പൊത്തൻപുരം കുന്നുകയറി തിരുമേനിയെക്കണ്ട് കാഴ്ചകൾ സമർപ്പിച്ച് അനുഗ്രഹം പ്രാപിച്ച അവസരങ്ങളും, കർതൃപ്രാർത്ഥന ശരിയായി ചൊല്ലാൻ തിരുമേനി പഠിപ്പിച്ചതുമൊക്കെ ഓർമ്മയിൽനിന്ന് പകർത്തിയിരിക്കുകയാണ് വൈദിക സെമിനാരി മുൻപ്രിൻസിപ്പൽ ഫാ. ഡോ. കെ. എം. ജോർജ്ജ്.

പരിശുദ്ധ പാമ്പാടി തിരുമേനിയുടെ അന്ത്യനിമിഷങ്ങളിൽ പ്രാർത്ഥനാമന്ത്രങ്ങളുമായി കൂടെയുണ്ടായിരുന്ന ഭാഗ്യസ്മരണാർഹനായ യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ, പാമ്പാടി തിരുമേനിയെപ്പോലെ എളിയ ജീവിതത്തിന്റെ ആരാധകനായിരുന്ന മാത്യൂസ് മാർ ബർണബാസ് മെത്രാപ്പോലീത്താ എന്നിവരുടെ ലേഖനങ്ങളും തിരുമേനിയുടെ ജീവിതത്തിന്റെ നേർക്കാഴ്ചകൾ തന്നെയാണ്. മലങ്കരസഭയിലെ പിതാക്കന്മാരിൽ തനിക്ക് ഏറ്റവും മതിപ്പുണ്ടായിരുന്ന ഒരു മെത്രാപ്പോലീത്തായായിരുന്നു പരിശുദ്ധ പാമ്പാടി തിരുമേനിയെന്നും, ആയതിന്റെ കാരണം അദ്ദേഹത്തിന്റെ അഗാധമായ ആദ്ധ്യാത്മികതയാണെന്നും വിശ്വപ്രസിദ്ധനായിരുന്ന ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും അനുസ്മരിക്കുന്നു.

പരിശുദ്ധ പാമ്പാടി തിരുമേനിയുടെ പ്രസംഗങ്ങൾ, സൂക്തങ്ങൾ, ജീവചരിത്രത്തിലെ നാഴികക്കല്ലുകൾ എന്നിവയൊക്കെ അനുബന്ധമായി ചേർത്തിട്ടുള്ള ഈ ഗ്രന്ഥത്തിന്റെ മുഖചിത്രമായി കൊടുത്തിരിക്കുന്നത് തിരുമേനിയുടെ ഒരു ഐക്കൺ ചിത്രമാണ്. പൗരസ്ത്യ ക്രൈസ്തവ സൗന്ദര്യശാസ്ത്രത്തിന്റെയും ഐക്കൺ ചിത്രങ്ങളുടെയും പ്രതീകാത്മകത വിശദീകരിച്ചുകൊണ്ട് മുഖചിത്രത്തിന് ഒരു വാങ്മയ വ്യാഖ്യാനം നൽകിയിട്ടുണ്ട് ഫാ. സഖറിയ നൈനാൻ (സഖേർ അച്ചൻ) : ഒരു ദേശത്തിന്റെ വിശുദ്ധൻ എന്ന പരിശുദ്ധ കാതോലിക്കാബാവായുടെ പ്രസംഗ സംഗ്രഹത്തോടെയാണ് പുസ്തകം സമാപിക്കുന്നത്. നമ്മുടെ സഭയിൽ ദേശത്തിന്റെ പേര് ചേർത്തുവച്ചാണ് രണ്ട് മഹാപരിശുദ്ധന്മാരെ നാം പലപ്പോഴും പറയാറുള്ളത്: പരിശുദ്ധ പരുമല തിരുമേനിയും പരിശുദ്ധ പാമ്പാടി തിരുമേനിയും. പാമ്പാടി തിരുമേനി ഈ ദേശത്തു താമസിക്കുന്ന നാനാജാതി മതസ്ഥരായ എല്ലാവരുടെയും തിരുമേനിയാണെന്ന സങ്കല്പംകൊണ്ടാണ് അങ്ങനെ വിളിക്കുന്നതെന്നും ബാവാ തിരുമേനി വിശദീകരിക്കുന്നുണ്ട്.

മലങ്കര ഓർത്തഡോക്സ് സഭാ പ്രസിദ്ധീകരണവകുപ്പ് (എം.ഒ.സി. പബ്ലിക്കേഷൻസ്) തയ്യാറാക്കിയിരിക്കുന്ന ഈ പുസ്തകത്തിന്റെ മുഖവില 80 രൂപയാണ്. പാമ്പാടി തിരുമേനിയോടൊപ്പം ശെമ്മാശുപട്ടമേറ്റ ആജീവനാന്ത സുഹൃത്ത് പാമ്പാടിക്കണ്ടത്തിൽ ഒ.സി. കുറിയാക്കോസ് കത്തനാരുടെ ചരമകനകജൂബിലി വേളയിൽ അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളാണ് ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണ ചെലവുകൾ വഹിച്ചത് എന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണ്.

Admission 2015-16

MBBS, BDS, MD, MS, MDS, BAMS, BHMS, BVSC, Pharm D, Etc.

ANDHRA, KARNATAKA, PONDICHERY, TAMILNADU

VARKEES Since 1991

EDUCATIONAL CONSULTANTS

Ernakulam & Mulanthuruthy

Promoted by Orthodox Priests

9447868565, 8281394056

varkees9@gmail.com

# ഭൂകമ്പദുരിത ബാധിതരെ സഹായിക്കുക

അടൂർ : നേപ്പാളിലും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലും ഉണ്ടായ ഭൂകമ്പം ഉൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങളിൽ ദുരിതം അനുഭവിക്കുന്നവരെ സഹായിക്കാനുള്ള ദൗത്യത്തിൽ ഓർത്തഡോക്സ് യുവജനപ്രസ്ഥാനം അംഗങ്ങൾ പങ്കുചേരണമെന്ന് എം.ജി.ഒ.സി.എസ്.എം. മുൻ കേന്ദ്ര വൈസ് പ്രസിഡന്റ് ജോൺ വർഗീസ് മോളേത്ത് ആവശ്യപ്പെട്ടു.

# അബ്ദുള്ള അബ്ദൽ....പേജ് 3–ൽനിന്ന്

നിർവ്വഹിച്ചുകൊണ്ടിരുന്നു. മലങ്കരസഭയെക്കുറിച്ചും സമുദായ പ്രമുഖന്മാരെയുംപറ്റിയും എം.എ. അച്ചനോടു ചോദിച്ചു പാത്രിയർക്കീസ് മനസ്സിലാക്കി. ഒരവസരത്തിൽ രഹസ്യമായി ഇപ്രകാരം അദ്ദേഹം അച്ചനോട് ചോദിക്കുകയുണ്ടായി നാമും മാർ ദീവന്നാസിയോസും പരസ്പരം പിണങ്ങുവാൻ ഇടയായാൽ നിങ്ങൾ നമ്മോടുകൂടെ നിൽക്കുമോ? പെട്ടെന്നുണ്ടായ ആ ചോദ്യത്തിനു ഉത്തരം നൽകുവാൻ നിവർത്തിയില്ലാതെ വിഷമിച്ചുകൊണ്ടിരുന്ന എം.എ. അച്ചനോട് പാത്രിയർക്കീസ് ബാവാ വീണ്ടും ആജ്ഞാപിച്ചു എന്താണ് ഉത്തരം പറയാതെ നിൽക്കുന്നത്. മറുപടി പറയണം. അച്ചൻ ഉത്തരം നൽകി ആബൂൻ മാർ ദീവന്നാസിയോസ് എന്റെ ഗുരുവാണ് സത്യത്തിനെതിരായി അദ്ദേഹം പ്രവർത്തിക്കുന്നതിൽ ഞാൻ കൂട്ടുകാരനാകുകയില്ല. അല്ലാത്തപക്ഷം അദ്ദേഹം ഇവിടെയേ നിൽക്കുകയുള്ളു. പാത്രിയർക്കീസിന്റെ ഏതാദൃശ ചോദ്യത്തിൽനിന്നും രണ്ടു കാര്യങ്ങൾ സ്പഷ്ടമായിരുന്നു. ഒന്നാമതായി താൻ മലങ്കരയിൽ വന്ന് മാർ ദീവന്നാസിയോസിനോട് ലൗകീകാധികാരം ആവശ്യപ്പെടുമ്പോൾ മാർ ദീവന്നാസിയോസ് അതിൽ വിസമ്മതം പ്രകടിപ്പിക്കുമെന്നും തൻമൂലം അവർതന്നിൽ പിണങ്ങുവാൻ ഇടയാകുമെന്നും തൽഫലമായി മുടക്കേണ്ടിവരുമെന്നും പാത്രിയർക്കീസിനു മുൻകൂട്ടി അറിയാമായിരുന്നു. രണ്ടാമതായി മുടക്കുണ്ടാകുന്നപക്ഷം സമർത്ഥനായ എം.എ. അച്ചൻ തന്റെ ഭാഗത്തു ചേർന്നു നിൽക്കുമെങ്കിൽ അതു തനിക്ക് ഒരു വലിയ വിജയമായിരിക്കുമെന്ന് പാത്രിയർക്കീസിന് ദൃഢമായ വിശ്വാസം ഉണ്ടായിരുന്നു. ഏതായാലും തന്റെ ആഗ്രഹമനുസരിച്ചുള്ള മറുപടി ലഭിക്കായ്കയാൽ പാത്രിയർക്കീസിന് അസംതൃപ്തിയും നിരാശയുമാണ് ഉണ്ടായതെന്ന് അദ്ദേഹത്തിന്റെ മുഖകമലം തൽക്ഷണം വെളിപ്പെടുത്തി.

ബോംബെയിൽനിന്നുള്ള യാത്രയിൽ പാത്രിയർക്കീസിന്റെ ആവശ്യങ്ങളിലെല്ലാം അദ്ദേഹത്തെ സഹായിക്കുന്നതിന് എം.എ. അച്ചൻ ദത്തശ്രദ്ധനായിരുന്നു. 1085 തുലാം മൂന്നാം തീയതിയാണ് കോട്ടയം പഴയസെമിനാരിയിൽ പാത്രിയർക്കീസ് താമസമാരംഭിച്ചത്. മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ പാത്രിയർക്കീസിന്റെ മുറിക്കടുത്തുള്ള വേറൊരു മുറിയിലും താമസമായി.

### യാക്കോബായ സഭയുടെ മലങ്കര പ്രവേശനം

ക്രിസ്താബ്ദം 1653–ൽ നടന്ന കൂനൻ കുരിശു സത്യത്തിനുശേഷം മാത്രമാണ് യാക്കോബായ സഭയ്ക്കു മലങ്കരസഭയിൽ പ്രവേശനം ലഭിച്ചതെന്നും 1665–ൽ ഇവിടെ ആഗതനായ മാർ ഗ്രിഗോറിയോസാണ് അതിനു കാരണപുരുഷനെന്നും മലങ്കരസഭാചരിത്രം തെളിയിക്കുന്നു. അതിനു മുമ്പ് അന്ത്യോഖ്യാ യാക്കോബായ പാത്രിയർക്കീസന്മാർക്കു ഇവിടുത്തെ ക്രൈസ്തവരുടെ മേൽ ആത്മീയമോ ലൗകീകമോ ആയ അധികാരം ഇല്ലായിരുന്നുവെന്നും പ്രസ്തുത ചരിത്രം വിളിച്ചുപറയുന്നുണ്ട്. കൂനൻകുരിശ് സത്യാനന്തരം യാക്കോബായ വിശ്വാസം സ്വീകരിക്കുവാൻ പോലും അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ ആത്മീയാധികാരം മാത്രമേ സ്വീകരിച്ചിരുന്നുള്ളു. യാക്കോബായ സഭയെ ഭരിച്ചിരുന്ന ചില മെത്രാപ്പോലീത്താമാർപോലും ചില അവസരങ്ങളിൽ പാത്രിയർക്കീസിന്റെ ലൗകീകാധികാരം സമ്മതിച്ചുകൊടുത്തിട്ടുണ്ടെങ്കിലും അതു പ്രയോഗത്തിൽ വരുത്തുന്നതിൽ അവരും വൈമനസ്യമാണ് പ്രകടിപ്പിച്ചിരുന്നത്. ഈ വിഷയത്തെ സംബന്ധിച്ച് മാർ ഈവാനിയോസിനോടൊപ്പം കത്തോലിക്കാ സഭയിൽ ചേർന്ന ബഥനി ആശ്രമസ്ഥൻ പുലിക്കോട്ടു ജോസഫ് റമ്പാൻ ചെയ്ത ഒരു പ്രസംഗത്തിലെ പ്രസക്തഭാഗങ്ങൾ താഴെക്കൊടുത്തിരിക്കുന്നു.

കൂനൻകുരിശ് സത്യംമൂലം പോർത്തുഗീസുകാരെ നിരാകരിച്ച മലങ്കര നസ്രാണികൾ മേൽപട്ടക്കാരുടെ അഭാവമൂലം എന്തുമാത്രം ക്ലേശിച്ചിരിക്കാമെന്നുള്ളത് നമുക്ക് ഊഹിക്കാവുന്നതാണ്. യാതൊരു പൗരസ്ത്യ കൽദായ മെത്രാനെയും കരയ്ക്കിറക്കാതെ പോർത്തുഗീസുകാർ രാജശക്തിയുടെ പിന്തുണയോടുകൂടി ഭരണം നടത്തിത്തുടങ്ങിയപ്പോൾ മലങ്കര നസ്രാണികൾ സുറിയാനി മെത്രാന്മാരെ ലഭിക്കുന്നതിനും സ്വവർഗ്ഗത്തിൽനിന്നും മെത്രാന്മാരെ ഉണ്ടാക്കുന്നതിനും എന്തു വഴി എന്ന് ആലോചിപ്പാൻ തുടങ്ങി. ബാബേലിൽനിന്നും സുറിയാനി മെത്രാന്മാരെ കിട്ടാൻ നിവൃത്തി ഇല്ലെങ്കിൽ പൗരസ്ത്യരായ ഏതെങ്കിലും സുറിയാനി മെത്രാന്മാരെ കിട്ടിയാലും മതിയായിരുന്നു എന്ന് ആഗ്രഹിക്കത്തക്കവണ്ണം അവർ അത്ര വളരെ നിരാശരായിപ്പോയി. ഈ വിധത്തിൽ അന്നത്തെ മലങ്കരയുടെ അർക്കദിയാക്കോൻ നടത്തിയ കത്തിടപാടുകളുടെ ഫലമായി 1665–ൽ ഊർശ്ലേമിലെ യാക്കോബായ പാത്രിയർക്കീസായ മാർ ഗ്രിഗോറിയോസ് മലയാളത്തിൽ വന്നുചേർന്നു. അക്കാലം മുതലാണ് മലങ്കരയിൽ യാക്കോബായ നേതൃത്വത്തിന്റെ ഉത്ഭവമെന്നും ആ മാർ ഗ്രിഗോറിയോസ് പാത്രിയർക്കീസു തന്നെയാണ് അതിന്റെ ജനയിതാവ് എന്നും പ്രത്യേകം സ്മരണീയമത്രെ. അദ്ദേഹത്തിന്റെ മുമ്പ് മലങ്കരയിൽ വന്നിട്ടുള്ള ചില പൗരസ്ത്യ മെത്രാന്മാർക്ക് യാക്കോബായ വേഷം കൊടുപ്പാൻ യാക്കോബായത്വം കലർന്ന ഒന്നുരണ്ടു ചരിത്രകാരന്മാർ തുനിയുകയുണ്ടായിട്ടുണ്ടെങ്കിലും അവരുടെ ആ ചിത്രീകരണം ഒരു തരത്തിലും തൃപ്തികരമായിട്ടില്ലെന്നുള്ളത് ഏതൊരുവനും ആ ചരിത്രദർശനത്തിൽ ബോധ്യപ്പെടുന്നതായിരിക്കും. ഈ പറഞ്ഞതിൽനിന്നും 300 കൊല്ലത്തേക്കാൾ കൂടുതൽ പഴക്കം മലങ്കരയിൽ യാക്കോബായത്വത്തിനില്ലെന്നുള്ളത് സുവിശദം തന്നെ. എന്നുതന്നെയുമല്ല പുത്തൻകൂർ എന്ന പേരിന്റെ ആഗമം നോക്കുമ്പോൾ മാർ ഗ്രിഗോറിയോസ് കൊണ്ടുവന്ന കുർബ്ബാന തക്സ പണ്ട് ഇവിടെ നടപ്പില്ലായിരുന്നതും പുതിയതുമായിരുന്നതിനാൽ ആ തക്സായ്ക്കു കീഴ്വഴങ്ങിയവരെ ഉദ്ദേശിച്ചാണ് അന്ന് ആ പേരുണ്ടായതെന്നു സ്പഷ്ടമാക്കുന്ന സ്ഥിതിക്കും മലങ്കരയിലെ യാക്കോബായത്വത്തിന് 300 വയസ്സിൽ കൂടുതലില്ലെന്നു വ്യക്തമാകുന്നുണ്ട്.

# വി. യൂദാശ്ലീഹായുടെ പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി.യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

താമസിച്ചതിന് ക്ഷമാപണം

**Lilly Bombay**

# വംശവിച്ഛേദനത്തിന്റെ നൂറാം വാർഷികം....പേജ് 1–ൽനിന്ന്

രവും ലോകമനസാക്ഷിയെ ഞെട്ടിക്കുന്നതുമായ കൂട്ടക്കൊല നടത്തുന്നത് ഒന്നാം ലോകമഹായുദ്ധം നടന്ന കാലഘട്ടത്തിലാണ്. അന്ന് തുർക്കിയിലെ മുസ്ലീം ഭരണാധികാരികൾ അർമ്മീനിയായിലെ മുഴുവൻ ക്രിസ്ത്യാനികളെയും കൊന്നൊടുക്കി. ആ വംശം തന്നെ ഭൂമിയിൽനിന്ന് ഇല്ലാതെയാക്കുവാനാണ് ശ്രമിച്ചത്.

ഔദ്യോഗിക രേഖകൾ അനുസരിച്ചും ലഭ്യമായ ചരിത്ര രേഖകൾ അനുസരിച്ചും കൂട്ടക്കൊല തുടങ്ങുന്ന 1915–ൽഅർമ്മീനിയയിൽ ഇരുപത് ലക്ഷം ക്രിസ്ത്യാനികൾ ഉണ്ടായിരുന്നു. കൂട്ടക്കൊല അവസാനിച്ച 1920–21ൽ മൂന്നുലക്ഷത്തി എൺപത്തിയെണ്ണായിരം അർമ്മിനിയാക്കാർ മാത്രമേ അവശേഷിച്ചുള്ളു.

പതിനഞ്ചു ലക്ഷത്തിലധികം ആളുകൾ കൊല്ലപ്പെട്ടു. ഒരുലക്ഷത്തിലധികം ആളുകൾ പാലായനം ചെയ്യുകയോ അടിമകളാക്കപ്പെടുകയോ നിർബന്ധിത മതപരിവർത്തനം ചെയ്യപ്പെടുകയോ ചെയ്തു.

ലോകചരിത്രത്തിൽ വളരെ അപൂർവ്വമായി മാത്രമേ ഇത്രമാത്രം ഹീനവും പൈശാചികവുമായ ഇമ്മാതിരി വംശഹത്യ നടന്നിട്ടുള്ളു. തുർക്കി ഇന്നും അമേരിക്കയുടെയും മറ്റു പാശ്ചാത്യരാജ്യങ്ങളുടെയും ഒരു സഖ്യകക്ഷിയാണ്. അതുകൊണ്ട് അവരാരും വർഷങ്ങൾക്കു മുമ്പ് നടന്ന ഈ വംശഹത്യയെ അപലപിച്ചിട്ടില്ല. എന്നാൽ മറ്റനേക കാര്യങ്ങളിൽ വ്യക്തമായ നിലപാടുകൾ സ്വീകരിച്ചിട്ടുള്ള ഫ്രാൻസിസ് മാർപാപ്പാ അർമ്മീനിയയിൽ നടന്നത് യഥാർത്ഥത്തിൽ വംശഹത്യയായിരുന്നു എന്ന് അഭിപ്രായപ്പെട്ടുകൊണ്ട് ശക്തമായ ഭാഷയിൽ ഈ കൂട്ടക്കൊലയെ അപലപിച്ചു.

പതിനഞ്ചാം നൂറ്റാണ്ടു മുതൽ അർമ്മീനിയക്കാർ തുർക്കികളുടെ അതീശത്വത്തിൽ ആയിരുന്നു. ഭാഗികമായ സ്വാതന്ത്ര്യം അക്കാലഘട്ടത്തിൽ അനുവദിച്ചിരുന്നെങ്കിലും രാഷ്ട്രീയമോ ഭരണപരമോ നിയമപരമോ ആയ പല അവകാശങ്ങളും അവർക്കു നിഷേധിക്കപ്പെട്ടിരുന്നു. മാത്രമല്ല, ക്രിസ്ത്യാനികളുടെ മേൽ ഭാരിച്ച നികുതികളും ചുമത്തപ്പെട്ടിരുന്നു. അർമ്മീനിയയിലെ ക്രിസ്ത്യാനികൾക്ക് അവിടുത്തെ മുസ്ലീം ഭരണാധികാരികളോട് ഉണ്ടായിരുന്നതിനേക്കാൾ കൂടുതൽ കൂറ് മറ്റ് ക്രിസ്ത്യൻ രാജ്യങ്ങളായ റഷ്യയോടും മറ്റുമാണെന്ന് മുസ്ലീംങ്ങൾ ഭയപ്പെട്ടിരുന്നു. അതുകൊണ്ട് അവരെ സംശയത്തിലായിരുന്നു വീക്ഷിച്ചിരുന്നത്.

### അർമ്മീനിയൻ കൂട്ടക്കുരുതി

പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനം ഭരണം നടത്തിയിരുന്ന സുൽത്താൻ ക്രിസ്ത്യാനികളെ ഇല്ലാതെയാക്കുമെന്ന് പല സന്ദർഭങ്ങളിലും പറഞ്ഞിരുന്നതായി ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. 1894–1896 കാലഘട്ടത്തിൽ തുർക്കി പട്ടാളം അർമ്മീനിയൻ ഗ്രാമങ്ങളും പട്ടണങ്ങളും ആക്രമിച്ച് ആയിരക്കണക്കിന് അർമ്മീനിയക്കാരെ കൊന്നൊടുക്കി. ഇത് തുടർന്നുള്ള സംഘട്ടനങ്ങൾക്കും പ്രതിഷേധങ്ങൾക്കും കളമൊരുക്കി.

1908–ഓടെ യുവതുർക്കികൾ (യങ് ടർക്ക്സ്) എന്നറിയപ്പെടുന്ന ഒരു യുവ മുസ്ലീം നേതൃത്വം തുർക്കിയുടെ ഭരണം ഏറ്റെടുത്തു. സാമ്രാജ്യം മുഴുവനുമായി തുർക്കിവൽക്കരിക്കുക എന്നത് അവരുടെ പ്രഖ്യാപിത നയമായിരുന്നു. തുർക്കികളും മുസ്ലീങ്ങളും അല്ലാത്തവരെല്ലാം സാമ്രാജ്യത്തിന് ഒരു ഭീഷണിയാണ്. അതുകൊണ്ട് അവരെ ഇല്ലായ്മ ചെയ്യണം എന്നവർ നിശ്ചയിച്ചുറച്ചു. ഇതിനിടെ 1914–ൽ ഒന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു. തുർക്കികൾ ജർമ്മനിയുടെയും ആസ്ട്രിയായുടെയും സഖ്യകക്ഷിയായി. ക്രിസ്ത്യൻ രാജ്യങ്ങളായ റഷ്യയും അമേരിക്കയും ഇംഗ്ലണ്ടും മറ്റും അവരുടെ ശത്രുക്കളായി. സഖ്യകക്ഷികളല്ലാത്ത എല്ലാ ക്രിസ്ത്യാനികൾക്കുമെതിരെ തുർക്കി വിശുദ്ധയുദ്ധവും (ജിഹാദ്) പ്രഖ്യാപിച്ചു. ഈ സന്ദർഭം നോക്കി അർമ്മീനിയക്കാരിൽ ഒരുവിഭാഗം റഷ്യയെ സഹായിക്കാൻ ചില രഹസ്യനീക്കങ്ങൾ നടത്തിയത് മുസ്ലീം ഭരണാധികാരികളെ കൂടുതൽ പ്രകോപിതരാക്കി. അർമ്മീനിയയുടെ റഷ്യൻ അതിർത്തിയോട് ചേർന്ന് കിടക്കുന്ന ക്രിസ്ത്യാനികളെ പൂർണ്ണമായും നീക്കുവാൻ തുർക്കി സർക്കാർ തീരുമാനിച്ചു.

അർമ്മീനിയക്കാരുടെ രഹസ്യനീക്കങ്ങൾക്ക് നേതൃത്വം നൽകുന്നു എന്നാരോപിച്ച് 1915 ഏപ്രിൽ 24ന് നൂറുകണക്കിന് അർമ്മീനിയൻ ബുദ്ധിജീവികളെയും നേതാക്കന്മാരെയും തുർക്കി പട്ടാളം അറസ്റ്റ് ചെയ്തു വധിച്ചു. അത് ഒരു വലിയ കൂട്ടക്കൊലയുടെയും വംശവിച്ഛേദനത്തിന്റെയും ആരംഭമായിരുന്നു. ക്രൂരമായ പീഢനവും മർദ്ദനവും കൊള്ളയും അരങ്ങേറി. ആയിരക്കണക്കിന് അർമ്മീനിയൻ ക്രിസ്ത്യാനികൾ ദിവസം തോറും മരിച്ചുവീണു. ഭവനങ്ങളിൽനിന്നു അറസ്റ്റുചെയ്തു മാറ്റിയ ആയിരക്കണക്കിനു സ്ത്രീകളെയും കുഞ്ഞുങ്ങളെയും പുരുഷന്മാരെയും വെള്ളവും ആഹാരവുമില്ലാതെ അവരെ കൊല്ലുന്നതിനുള്ള വെടിക്കോപ്പുകൾ ലാഭിക്കാൻ വേണ്ടി അതിവിശാലമായ മെസപ്പൊട്ടോമിയൻ മരുഭൂമിയിലൂടെ നടത്തിച്ചു. വഴിയിൽ വെയിലേറ്റ് വീഴുവാൻ അവരുടെ വസ്ത്രങ്ങൾ ഉരിഞ്ഞുകളഞ്ഞു. നടക്കാൻ വിസമ്മതിച്ച നൂറുകണക്കിന് ആളുകളെ തൽക്ഷണം വെടിവെച്ചുകൊന്നു. യുവതുർക്കികളുടെ നേതൃത്വത്തിൽ ക്രിസ്ത്യാനികളെ ഇല്ലായ്മ ചെയ്യുന്നതിന് പലയിടത്തും സ്പെഷ്യൽ സ്ക്വാഡുകളെ നിയമിച്ചു. അവർ ചിലരെ കല്ലെറിഞ്ഞു. ചിലരെ ഉയർന്ന ഗോപുരങ്ങളിൽനിന്നും തള്ളിയിട്ടു. ചിലരെ പുഴകളിൽ ഒഴുക്കി. ചിലരെ ക്രൂശിച്ചു. ചിലരെ ജീവനോടെ അഗ്നിക്കിരയാക്കി. അനേകായിരം സ്ത്രീകൾ ക്രൂരമായ പീഢനത്തിനും ബലാൽസംഗത്തിനും ഇരയായി. ആയിരക്കണക്കിനു കുഞ്ഞുങ്ങളെ മതപരിവർത്തനം ചെയ്ത് മുസ്ലീംകുടുംബങ്ങളിലാക്കി. അർമ്മിനിയക്കാരുടെ ഭവനങ്ങളും സ്വത്തുക്കളും എല്ലാം മുസ്ലീംങ്ങൾ കയ്യടക്കി. അതിക്രൂരമായിരുന്നു കൊള്ളയും കൊലപാതകവും ഒരു വംശത്തെ മുഴുവൻ ഭൂമിയിൽനിന്ന് ഇല്ലായ്മ ചെയ്യുവാനുള്ള വംശഹത്യയും.

ലോകമഹായുദ്ധം അവസാനിച്ചതോടെ അർമ്മീനിയൻ പ്രദേശം റഷ്യ കീഴടക്കി. ഓട്ടോമാൻ സാമ്രാജ്യത്തിന്റെ സ്ഥാനത്ത് തുർക്കി ഭരണകൂടവും ആയി. യുദ്ധം ആരംഭിച്ചപ്പോൾ ഇരുപത് ലക്ഷത്തിലധികം ഉണ്ടായിരുന്ന അർമ്മീനയക്കാരുടെ അംഗസംഖ്യ യുദ്ധം അവസാനിച്ചപ്പോൾ നാലുലക്ഷത്തിൽ താഴെയായി ചുരുങ്ങി.

ഒന്നാം നൂറ്റാണ്ടു മുതൽ നാലാം നൂറ്റാണ്ടുവരെ റോമാസാമ്രാജ്യത്തിൽ ക്രിസ്ത്യാനികൾ അതിക്രൂരമായി പീഢിപ്പിക്കപ്പെട്ടു. അതിനുശേഷമുണ്ടായ ഏറ്റവും വലിയ ക്രിസ്ത്യൻ പീഢയും വംശവിച്ഛേദനവുമാണ് 1915–20 കാലഘട്ടത്തിൽ അർമ്മീനിയായിൽ നടന്നത്.

കൊല്ലപ്പെട്ടവരെ അനുസ്മരിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും നടന്ന പീഢയെ വേദനയോടെ ഓർക്കുകയുമാണ് ലോകമെമ്പാടുമുള്ള അർമ്മീനിയൻ സഭാംഗങ്ങൾ.

ഇക്കഴിഞ്ഞ ദിവസം ലോകമെമ്പാടുമുള്ള ക്രൈസ്തവ നേതാക്കന്മാരുടെ സാന്നിധ്യത്തിൽ നടന്ന അനുസ്മരണാ ശുശ്രൂഷാ വേളയിൽ അർമ്മീനിയൻ സഭയുടെ പരമാദ്ധ്യക്ഷൻ പ. കരേക്കിൻ രണ്ടാമൻ കാതോലിക്കാ ബാവാ കൂട്ടക്കുരുതിയിൽ കൊലചെയ്യപ്പെട്ട രക്തസാക്ഷികളെ വിശുദ്ധന്മാരായി പ്രഖ്യാപിച്ചത് ചരിത്രത്തിന്റെ അവിസ്മരണീയമായ പുതിയ ഒരു നാഴിക കല്ലാണ്.

**Vol. 21 Issue 13**
**May 1**

**MALANKARA SABHA DEEPAM**
**P.B. 611, KOTTAYAM - 686001**
**Phone - 0481-2585499, Fax - 0481-2585499**

REG.No.42799/98/H6
REGISTERED No. KL/KTM/ 40/ 2015-2017

**Rs.2**

LICENCED TO POST WITHOUT PRE-PAYMENT OF POSTAGE
LIC.NO. KL/CR/KTM/WPP - 07/2015-17

**ചിരിവര ——— ജോയി കുളനട**




## അഖില മലങ്കര ക്വിസ് മത്സരം

പത്തനംതിട്ട : വഞ്ചിത്ര മാർ ബസ് ഹനനിയ ഓർത്തഡോക്സ് ഇടവകയിലെ മാർ ഗ്രിഗോറിയോസ് യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ഫിലിപ്പോസ് മാർ യൗസോബിയോസ് തിരുമേനിയുടെ സ്മരണാർത്ഥം നടത്തപ്പെടുന്ന മാർ യൗസേബിയോസ് ക്വിസ് മത്സരം ഈ വർഷം ഇടവകയുടെ പെരുന്നാളിനോടനുബന്ധിച്ച് മെയ് 17-ാം തീയതി നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത മത്സരത്തിൽ ഇടവകയിലെ ഓരോ യൂണിറ്റിൽനിന്നും 15നും 30നും ഇടയിൽ പ്രായമുള്ള രണ്ടുപേരടങ്ങുന്ന ഒരു ടീമിന് മത്സരിക്കാം.

ഒന്നാം സ്ഥാനം നേടുന്ന ടീമിന് 2000 രൂപയും മെമന്റോയും രണ്ടാം സ്ഥാനം നേടുന്നവർക്ക് 1500 രൂപയും മെമന്റോയും മൂന്നാം സ്ഥാനം നേടുന്നവർക്ക് 1000 രൂപയും മെമന്റോയും സമ്മാനമായി നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സെക്രട്ടറി നിതിൻ ചെറിയാൻ (8606205927), കൺവീനർമാരായ ബിബിൻ ബിജോയ് (9947858478), സഞ്ചു സാം (9847507796) എന്നിവരുമായി ബന്ധപ്പെടുക.

## ആചാര്യ അവാർഡ് പ്രഖ്യാപിച്ചു

കോട്ടയം : സഭാകവി ശ്രീ.സി.പി.ചാണ്ടിയുടെ സ്മരണാർത്ഥം മലങ്കര ഓർത്തഡോക്സ് സഭ ഏർപ്പെടുത്തിയ മികച്ച അദ്ധ്യാപകനുള്ള 2014-15-ലെ ആചാര്യ അവാർഡ് പ്രഖ്യാപിച്ചു. കോഴിക്കോട് കരന്തൂർ മർക്കാസ് ഹയർസെക്കണ്ടറി സ്ക്കൂളിലെ ഫിസിക്കൽ സയൻസ് അദ്ധ്യാപകൻ ശ്രീ.നിയാസ് ചോലയാണ് അവാർഡിന് അർഹനായത്.

സ്ക്കൂളിൽ പഠനം രസകരവും ആകർഷകവുമാക്കുവാനും സമൂഹത്തിൽ മയക്കുമരുന്ന്, സ്ത്രീധനം, ശൈശവ വിവാഹം തുടങ്ങിയ സാമൂഹ്യതിന്മകൾക്കെതിരെ പോരാടാനും നടത്തിയ ഊർജ്ജസ്വലമായ പ്രവർത്തനങ്ങൾ കണക്കിലെടുത്താണ് അവാർഡ് നൽകുന്നത്. വിവിധ വിഷയങ്ങളിലെ അടിസ്ഥാന തത്വങ്ങളും പ്രമാണങ്ങളും കുട്ടികൾ ഹൃദിസ്ഥമാക്കാൻ വേണ്ടി 45 പഠനപ്പാട്ടുകൾ അടങ്ങിയ പഠനരസം എന്ന പുസ്തകവും സിഡിയും അദ്ദേഹം തയ്യാറാക്കി പ്രസിദ്ധീകരിച്ചു. ഇരുപതിനായിരം രൂപയും പ്രശസ്തിപത്രവും അടങ്ങുന്ന അവാർഡ് മെയ് 5ന് പത്തുമണിക്ക് പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ കുറിയാക്കോസ് മാർ ക്ലിമ്മീസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ സി.പി.ചാണ്ടി അനുസ്മരണ സമ്മേളനത്തിൽ വിതരണം ചെയ്യുന്നതാണ്. സി.പി.ചാണ്ടി സ്മാരക ആരാധനാഗീത മത്സരത്തിൽ സമ്മാനാർഹരായ വിവിധ ഭദ്രാസനങ്ങളിലെ മർത്തമറിയം സമാജാംഗങ്ങൾക്കുള്ള ക്യാഷ് അവാർഡും തദവസരത്തിൽ നൽകുന്നതാണ്.

## മക്കാറിയോസ് ഫൗണ്ടേഷൻ നിർദ്ധനരായ പെൺകുട്ടികൾക്ക് തയ്യൽ മെഷീൻ നൽകി സഹായിക്കുന്നു

ചേപ്പാട് : ഏപ്രിൽ 14ന് ചേപ്പാട് വലിയപള്ളിയിൽ കൂടിയ മക്കാറിയോസ് ഫൗണ്ടേഷന്റെ യോഗത്തിൽ നിർദ്ധനരും, സാമ്പത്തിക പ്രയാസമുള്ളവരുമായ നൂറു പെൺകുട്ടികൾക്ക് തയ്യൽ മെഷീനുകൾ നൽകി സഹായിക്കുന്നതിന് തീരുമാനിച്ചു. യോഗത്തിൽ പോൾ മത്തായി അദ്ധ്യക്ഷത വഹിച്ചു. അടുത്ത ക്രിസ്തുമസിനു മുമ്പായി കാഞ്ഞിരപ്പള്ളി, മുണ്ടക്കയം, പുഞ്ചവയൽ എന്നീ മലയോര പ്രദേശങ്ങളിലുള്ള നൂറു പെൺകുട്ടികൾക്ക് ഓരോ തയ്യൽ മെഷീൻ നൽകുവാൻ തീരുമാനിച്ചു.

## കുവൈറ്റ് സെന്റ് സ്റ്റീഫൻസ് കൺവൻഷൻ

കുവൈറ്റ് : സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് കോൺഗ്രിഗേഷന്റെ പ്രഥമ കൺവൻഷനും ധ്യാനയോഗങ്ങളും മാർച്ച് 23 മുതൽ നടന്നു. കുവൈറ്റിൽ അവസാനമായി രൂപീകൃതമായ കോൺഗ്രിഗേഷനാണ് സെന്റ് സ്റ്റീഫൻസ്. നാനൂറോളം കുടുംബങ്ങൾ അംഗത്വമുള്ള ഇടവകയിലെ കൺവൻഷൻ യോഗങ്ങളിൽ ധാരാളം വിശ്വാസികൾ പങ്കെടുത്തു. കുവൈറ്റ് മാർത്തോമ്മാ പള്ളി വികാരി കൺവൻഷൻ യോഗങ്ങൾ ഉദ്ഘാടനം ചെയ്തു. ജോസഫ് സാമുവൽ കറുകയിൽ കോർഎപ്പിസ്കോപ്പാ കൺവൻഷൻ യോഗങ്ങളിൽ പ്രസംഗിക്കുകയും കാതോലിക്കാദിനാഘോഷത്തിനു നേതൃത്വം നൽകുകയും ചെയ്തു. വികാരി ഫാ.സജി ഫിലിപ്പിന്റെ നേതൃത്വത്തിൽ വിപുലമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തി. ഡോ.യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ നാൽപതാം വെള്ളിയാഴ്ച വി.കുർബ്ബാന അർപ്പിച്ചു.

## കെ.സി.സി. നോമ്പുകാല ധ്യാനം നടത്തി

തിരുവനന്തപുരം : കേരളാ കൗൺസിൽ ഓഫ് ചർച്ചസ് തിരുവനന്തപുരം സോണിന്റെ ആഭിമുഖ്യത്തിൽ എല്ലാ സഭാവിഭാഗങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ട് നോമ്പുകാല ധ്യാനം ഓർത്തഡോക്സ് സ്റ്റുഡന്റ്സ് സെന്ററിൽ നടന്നു. തിരുവനന്തപുരം സോൺ പ്രസിഡന്റ് ജോസഫ് സാമുവൽ കറുകയിൽ കോർഎപ്പിസ്കോപ്പാ അദ്ധ്യക്ഷത വഹിച്ചു. കെ.സി.സി. പ്രസിഡന്റ് ഡോ.ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ ധ്യാനം ഉദ്ഘാടനം ചെയ്യുകയും കെ.സി.സി. തിരുവനന്തപുരം സോണിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. കണ്ണമ്മൂല സെമിനാരി പ്രൊഫസർ റവ.സുശീലൻ മുഖ്യ പ്രഭാഷണം നടത്തി. സോൺ സെക്രട്ടറി റവ.ഫ്രാങ്ക്ളിൻ ദാസ് വട്ടപ്പാറ, ട്രഷറാർ ജി.കുഞ്ഞമ്പാൻ, ഫാ.ഗീവർഗീസ് മേക്കാട്ട് എന്നിവർ പ്രസംഗിച്ചു.

## കോട്ടയം പഴയ സെമിനാരി ദ്വിശതാബ്ദി പ്രത്യേക സ്റ്റാംപ് പ്രകാശനം ചെയ്തു

ന്യൂഡൽഹി : വിവിധ മതവിഭാഗങ്ങൾ തമ്മിലുള്ള സഹകരണത്തിനും സഹവർത്തിത്വത്തിനും മാതൃകയാണ് കേരളമെന്നു രാഷ്ട്രപതി പ്രണബ് മുഖർജി. കേരളത്തിൽ ഹിന്ദു, ക്രിസ്ത്യൻ, ഇസ്ലാം മതവിഭാഗങ്ങൾ സമാധാനത്തോടെയും ഐക്യത്തോടെയും കഴിഞ്ഞുവെന്നു മാത്രമല്ല സാമൂഹ്യക്ഷേമം വളർത്തുന്നതിനു സഹകരിക്കുകയും ചെയ്തുവെന്ന് രാഷ്ട്രപതി ചൂണ്ടിക്കാട്ടി. കോട്ടയം പഴയ സെമിനാരിയുടെ ദ്വിശതാബ്ദിയോടനുബന്ധിച്ച് തപാൽ വകുപ്പ് പുറത്തിറക്കിയ പ്രത്യേക സ്റ്റാമ്പ് പ്രകാശനം ചെയ്യുകയായിരുന്നു രാഷ്ട്രപതി. ഇന്ത്യയിൽ നിലനിൽക്കുന്ന നാനാത്വത്തിന്റെ തിളങ്ങുന്ന മാതൃകയാണ് കോട്ടയത്തെ പഴയസെമിനാരി എന്ന് കേന്ദ്ര വാർത്താ വിതരണമന്ത്രി രവിശങ്കർ പ്രസാദ് പറഞ്ഞു. പഴമയുടെ ആഘോഷം മാത്രമല്ല ഈ അവസരമെന്നു പ.പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ പറഞ്ഞു. നമ്മുടെ രാജ്യത്തിന്റെ അഭിമാനമായ പാരമ്പര്യം നിലനിർത്താനുള്ള പ്രതിബദ്ധതയുടെ മാതൃകകൂടിയാണിത്. രാഷ്ട്രപതിക്ക് പഴയ സെമിനാരിയുടെ ഉപഹാരം തോമസ് മാർ അത്താനാസിയോസും ഡോ.മാത്യൂസ് മാർ സേവേറിയോസും ചേർന്ന് സമ്മാനിച്ചു. തപാൽ വകുപ്പ് സെക്രട്ടറി കാവേരി മുഖർജി, ഫാ.ഡോ.ജേക്കബ് കുര്യൻ എന്നിവർ പ്രസംഗിച്ചു.

## അബുദാബി സെന്റ് ജോർജ് കത്തീഡ്രൽ പെരുന്നാൾ സമാപിച്ചു



*അബുദാബി സെന്റ് ജോർജ് കത്തീഡ്രൽ പെരുന്നാൾ റാസയ്ക്കുശേഷം ഡോ.ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ വാഴ്വ് നൽകുന്നു.*

ഏപ്രിൽ 23,24 തീയതികളിൽ നടന്ന അബുദാബി സെന്റ് ജോർജ് ഓർത്തഡോക്സ് കത്തീഡ്രൽ പെരുന്നാൾ സമാപിച്ചു. പെരുന്നാൾ ശുശ്രൂഷകൾക്ക് ഡോ.ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ പ്രധാന കാർമ്മികത്വം വഹിച്ചു. വി.മൂന്നിന്മേൽ കുർബ്ബാനയ്ക്ക് ഫാ.എ.എം. മത്തായി കോർഎപ്പിസ്കോപ്പാ, ഫാ.ഡോ. എം.ഒ.ജോൺ എന്നിവർ സഹകാർമ്മികരായിരുന്നു. പെരുന്നാൾ പരിപാടികൾക്ക് ഇടവക വികാരി ഫാ.എം.സി.മത്തായി മാറാച്ചേരിൽ, സഹവികാരി ഷാജൻ വർഗീസ്, ട്രസ്റ്റി എ.ജെ.ജോയിക്കുട്ടി, സെക്രട്ടറി സ്റ്റീഫൻ മല്ലേൽ, ഇടവക മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ തുടങ്ങിയവർ നേതൃത്വം നൽകി.

**Printed, Published and owned by Fr. Dr. M.O. John . Printed at Udaya Offset Printers, Chungam, Kottayam - 686 001 and Published at Kottayam. Editor: Kunjumon T. Omallor**